# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം ഒക്ടോബർ 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

പരിശുദ്ധ കന്യാമറിയമേ,
നീ ഞങ്ങളുടെ
ശക്തിസങ്കേതമായ
കൂടാരമാണ്. നിന്നിൽ
പ്രത്യാശവയ്ക്കുന്നവർ
ലജ്ജിതരായിത്തീരില്ല.
പരിശുദ്ധ അമ്മേ,
നിന്റെ പ്രാർത്ഥനയാൽ
ഞങ്ങളിൽ ദൈവം
അനുഗ്രഹങ്ങൾ ചൊരിയട്ടെ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 പള്ളിക്കൂദാശ ലക്കം ഒക്ടോബർ 2023

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജ്ജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഭ: മിശിഹായുടെ മണവാട്ടി 5
- പ്രകാശിതരാകുവാൻ 8
- വിശുദ്ധിയുടെ മൺകുടങ്ങൾ 10
- സൃഷ്ടിയുടെ സുവിശേഷം 12
- ഹൃദയം കാണുന്നവൻ 14
- ജറോബോവാം 18
- സെനക്കിൾ തരംഗം 19
- മധുരിക്കുന്ന നൊമ്പരങ്ങൾ 20
- വഴിവിളക്കുകൾ 22
- കൃപയിൽ ആശ്രയിച്ച് 25
- സ്വർഗം സൃഷ്ടിക്കുന്നവർ 25
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# ശാശ്വതസമാധാനം



നന്മയുടെ പ്രസരണങ്ങൾ ഉൾക്കൊള്ളുന്നതും സമൂഹത്തിൽ ക്രിയാത്മകമായ ചലനങ്ങൾ സൃഷ്ടിക്കുന്നതുമായ ധാരാളം വാർത്തകൾ നമുക്കു കണ്ടെത്താനാകും. എന്നാൽ ഈ നന്മകളുടെയെല്ലാം നിറം കെടുത്തിക്കളയുന്ന കലാപങ്ങളുടെയും ഭീകരതയുടെയും യുദ്ധത്തിന്റെയുമൊക്കെ വാർത്തകൾ അസാമാധാനത്തിന്റെ ആന്ദോളനങ്ങൾ മനഃസാക്ഷിയുള്ളവരിലെല്ലാം സൃഷ്ടിക്കുന്നുണ്ട് എന്നത് വാസ്തവമാണ്.

മാനുഷികയുക്തിയുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം നല്കാൻ ഈ ഭൂമി പര്യാപ്തമല്ല. എന്നാൽ ഭൂമി പരാജയപ്പെടുന്നിടത്ത് ഉത്തരം തരാൻ സ്വർഗമുണ്ട്. പാപംമൂലം മനുഷ്യന്റെ മുമ്പിൽ അടയ്ക്കപ്പെട്ട സ്വർഗവാതിൽ വീണ്ടും തുറന്ന് രക്ഷയിലേക്കു നയിക്കാനാണല്ലോ ദൈവപുത്രൻ ഭൂമിയിൽ ജന്മമെടുത്തത്. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ" (യോഹ 14,1) എന്നു പറഞ്ഞ ഈശോ തുടർന്നു തന്റെ വാക്കുകളിലൂടെ ചൂണ്ടിക്കാട്ടുന്നത് പിതാവിന്റെ ഭവനമാണ് (യോഹ 14,2-3). ദൈവപിതാവിനോടൊപ്പമായിരിക്കുന്ന ഈ സ്വർഗീയജീവിതം ധ്യാനവിഷയമാക്കുന്ന പള്ളിക്കൂദാശക്കാലത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്.

സ്വർഗപ്രാപ്തിക്കുതകുംവിധം ജീവിതം ക്രമീകരിക്കുവാൻ ഈ കാലഘട്ടം നമ്മെ ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം സ്വർഗമെന്നത് വിദൂരഭാവിയിൽ വരാനിരിക്കുന്ന ഒരു യാഥാർത്ഥ്യമായിമാത്രം കാണാതെ ഈ ഭൂമിയിൽത്തന്നെ സ്വർഗം കെട്ടിപ്പടുക്കുവാൻ നമുക്കു ശ്രമിക്കാം. സ്വർഗത്തിലെ ശാശ്വത സന്തോഷവും സമാധാനവും ഈ ഭൂമിയിൽ നാം സൃഷ്ടിക്കുന്ന, കണ്ടെത്തുന്ന, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തുടർച്ചയും പൂർത്തീകരണവുമാണ്. ആ ലക്ഷ്യപ്രാപ്തിയ്ക്കായി നമുക്കു സ്വയം പരിശ്രമിക്കുകയും അതിനായി മറ്റുള്ളവരെ സഹായിക്കുകയും ചെയ്യാം.

ചീഫ് എഡിറ്റർ



# സഭ: മിശിഹായുടെ മണവാട്ടി

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സെനക്കിൾ ആദ്ധ്യാത്മികത – 88

**യോ**ഹന്നാന്റെ സുവിശേഷത്തിൽ മിശിഹായും മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹവും തമ്മിലുള്ള ബന്ധത്തെ മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധത്തോടു സ്നാപകയോഹന്നാൻ ഉപമിക്കുന്നുണ്ട്. ഈശോയും സ്നാപകയോഹന്നാനും തങ്ങളുടെ ശിഷ്യന്മാരോടുകൂടെ യൂദയാദേശത്ത് ഒന്നിച്ചു താമസിച്ച് സ്നാനം നല്കിയിരുന്നതായി യോഹന്നാൻ സുവിശേഷകൻ പറയുന്നു (യോഹ 3,22). ആ പശ്ചാത്തലത്തിൽ എല്ലാവരും ഈശോയുടെ പക്കലേയ്ക്കു പോകുന്നതിനെപ്പറ്റി സ്നാപകന്റെ ശിഷ്യർ ആവലാതിപ്പെട്ടപ്പോൾ സ്നാപകൻ ഇപ്രകാരം പറഞ്ഞു: “സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. ഞാൻ മിശിഹായല്ല പ്രത്യുത, അവനു മുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾ തന്നെ സാക്ഷികളാണ്. മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു.

അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,27-30). ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ മിശിഹായുടെ മണവാട്ടിയാണെന്ന വസ്തുതയ്ക്ക് സുറിയാനി സഭാപിതാക്കന്മാർ ഊന്നൽ നൽകുന്നുണ്ട്.

**വിവാഹനിശ്ചയവും വിവാഹവും**

ദൈവം മനുഷ്യരക്ഷയുടെ ഉപകരണമായി രൂപം കൊടുത്ത പഴയനിയമദൈവജനം, അവരുടെ ദൈവദത്തമായ ദൗത്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന്, അവിടുന്ന് ആ ജനത്തെ ഉപേക്ഷിക്കുകയും, തന്റെ പുത്രനായ മിശിഹായിലൂടെ പുതിയ ദൈവജനമായ സഭയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ സഭയാകുന്ന മണവാട്ടിയെ യോർദ്ദാനിലെ മാമോദീസാവേളയിൽ മിശിഹാ വിവാഹനിശ്ചയം ചെയ്യുകയും സ്ലീവായിൽ വിവാഹം കഴിക്കുകയും ചെയ്തുവെന്ന് സഭാപിതാക്കന്മാർ പറയുന്നുണ്ട്. മിശിഹായുടെ പാർശ്വത്തിൽനിന്നൊഴുകിയ രക്തവും വെള്ളവും (യോഹ 19,34), സഭാംഗങ്ങൾ സഭയിലേക്കു കൂട്ടിച്ചേർക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവേശകകൂദാശകളെ (മാമ്മോദീസാ, തൈലാഭിഷേകം, പരി. കുർബാന) പ്രതിനിധാനം ചെയ്യുന്നതായി സഭാപിതാക്കന്മാർ വിശദീകരിക്കുന്നുണ്ട്. മിശിഹായുടെ മാമ്മോദീസായിലൂടെ അനുഗ്രഹീതമായ ജലാശയവും, അവിടുത്തെ പാർശ്വത്തിലൂടെ ഒഴുകിയ രക്തവും വെള്ളവും തന്റെ മണവാട്ടിയായ സഭയ്ക്കും അവളുടെ മക്കൾക്കും ചരിത്രത്തിലൂടെ അവിടുന്നു നല്കിയ സമ്മാനമാണ്. പുതിയ ദൈവജനമായ സഭ, അഥവാ മിശിഹായുടെ മണവാട്ടി, മാമ്മോദീസായിലൂടെയും കുർബാനയിലൂടെയും മണവാളനായ മിശിഹായുമായുള്ള ഐക്യത്തിൽ വളരുന്നു.

**കുർബാന: വിവാഹാഘോഷം**

ദിവ്യമണവാളനായ മിശിഹായും തന്റെ മണവാട്ടിയായ സഭയും തമ്മിലുള്ള വിവാഹാഘോഷം നടക്കുന്ന വേദിയാണ് പരി. കുർബാനയർപ്പണം. പരി. കുർബാനയിലെ ഉത്ഥാന ഗീതത്തിനുമുമ്പുള്ള പ്രാർത്ഥനയിൽ ഈ സൂചനയുണ്ട്. "ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും ... ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഇടയാകട്ടെ. സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ" എന്ന പ്രാർത്ഥന ഇതു വ്യക്തമാക്കുന്നുണ്ട്. യുഗാന്ത്യത്തിൽ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം സ്വർഗീയജറുസലേമാകുന്ന മണവറയിൽ വച്ച് മണവാളനായ മിശിഹായെ മുഖാഭിമുഖം ദർശിക്കുകയും, മണവാളനോടൊപ്പം അവൾ നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുകയും ചെയ്യുമെന്ന ഉറപ്പാണ് ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്. അതുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണം മിശിഹായും തന്റെ മണവാട്ടിയായ സഭയും തമ്മിൽ കണ്ടുമുട്ടുകയും പരസ്പരസ്നേഹം പങ്കുവയ്ക്കുകയും സ്നേഹബന്ധത്തിൽ വളരുകയും ചെയ്യുന്ന വേദിയാണെന്നുള്ളതിനു സംശയമില്ല.

**കുർബാനസ്വീകരണം: വൈവാഹിക ഐക്യം**

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ മിശിഹായും സഭയും തമ്മിലുള്ള ഐക്യത്തെപ്പറ്റി ഈശോ പറയുന്നുണ്ട്: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ 6,56). മിശിഹായുമായുള്ള പരസ്പരസഹവാസം ആത്യന്തികമായി ദൈവൈക്യത്തിലേക്ക് നമ്മെ എത്തിക്കുകയും ചെയ്യും. മിശിഹായുമായുള്ള ഈ പരസ്പരസഹവാസം വ്യക്തിപരമാണെങ്കിലും വ്യക്തിഗതമല്ല.

ഈ സഹവാസം അവശ്യം സമൂഹപരവും സഭാത്മകവുമാണ്. സഭയെ കണക്കിലെടുക്കാതെ മിശിഹായുമായി വ്യക്തിബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നതു തെറ്റാണ്. മിശിഹാ ഒന്നേയു ള്ളൂ. അതുകൊണ്ട് മിശിഹായോടുള്ള പ്രതിബദ്ധത മിശിഹായിൽ ഒന്നായിരിക്കുന്ന സമൂഹ ത്തോട് അഥവാ സഭയോടുള്ള പ്രതിബദ്ധതയാണ്. അതുകൊണ്ട് പരിശുദ്ധ കുർബാന സ്വീക രണം മണവാളനായ മിശിഹായും മണവാട്ടിയായ സഭയും തമ്മിലുള്ള വൈവാഹിക ഐക്യാ നുഭവമായി കാണുവാൻ കഴിയും.

**സ്വർഗീയ മണവറപ്രവേശം**

തന്നിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധ കുർബാനാനുഭവത്തിന്റെ ഫലങ്ങളായി ഈശോ നൽകുന്നത് നിത്യജീവനും ഉയിർപ്പുമാണ്: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ 6,54). നിത്യജീവൻ എന്നതിന് യോഹന്നാൻ സുവിശേഷകൻ നല്കുന്ന നിർവചനം ദൈവവുമായുള്ള ഐക്യമാണ്: "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോ മിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17,3). ഒരാളെ 'അറിയുക' എന്നു വച്ചാൽ ആ ആളിനെ സ്നേഹിക്കുക, ആ ആളുമായി ഐക്യപ്പെടുക എന്നാണർത്ഥം. അതു കൊണ്ട് നിത്യജീവൻ ഉണ്ടാകുക എന്നതിന്റെ അർത്ഥം പിതാവും പുത്രനും പരിശുദ്ധാത്മാവു മായ ദൈവവുമായുള്ള സ്നേഹബന്ധവും ഐക്യവും അനുഭവിക്കുക എന്നതാണ്. അതുകൊണ്ട് യുഗാന്ത്യത്തിൽ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം സ്വർഗീയമണവറയിൽവച്ച് മണവാ ളനായ മിശിഹായെ മുഖാഭിമുഖം ദർശിക്കുകയും നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. യോഹന്നാൻശ്ലീഹാ തന്റെ ലേഖനത്തിലും ക്രിസ്തീയജീവിതത്തിന്റെ ഈ യുഗാന്ത്യാ നുഭവം വിവരിക്കുന്നുണ്ട്: "പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്താ യിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു. അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുന്ന് ആയിരിക്കുന്നതുപോലെ അവിടുത്തെ കാണുകയും ചെയ്യും" (1 യോഹ 3,2). സഭാത്മകമായ ക്രിസ്തീയജീവിതത്തിന്റെ അന്ത്യം ഈ സ്വർഗീയമണവറയനുഭവമാണ്. ഇപ്രകാരം സഭാത്മകമായ ക്രിസ്തീയജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കു വയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമ ക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# പ്രകാശിതരാകുവാൻ

**ഡോ. സി. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

'സഭയേ, മിശിഹായുടെ മണവാട്ടി, നീ ഭാഗ്യവതി' എന്നു കീർത്തിച്ചുകൊണ്ട് മിശിഹായാൽ മഹത്ത്വമണിയുന്ന സഭയെ ധ്യാനിക്കുന്ന പള്ളിക്കൂദാശക്കാലം, നാമോരോരുത്തരുമാണ് യഥാർത്ഥ പള്ളി അഥവാ ദൈവഭവനം എന്ന തിരിച്ചറിവ് ഉണർത്തി പ്രശോഭിതരാകാൻ നമ്മെ ക്ഷണിക്കുന്ന സമയമാണ്. ശരീരത്തിലെ അവയവമെന്നപോലെ ശിരസായ മിശിഹായോടു ചേർത്തുവയ്ക്കപ്പെട്ടിരിക്കുന്ന സഭാംഗങ്ങളുടെ ജീവരസം മിശിഹായുടെ തിരുരക്തമാണെന്ന തിരിച്ചറിവ് കൂട്ടായ്മയുടെയും ഐക്യത്തിന്റെയും ഉന്നതമാനങ്ങളിലേക്ക് സഭാതയനരെ ഉയർത്തേണ്ടതുണ്ട്. സഭയെ ചുളിവോ കളങ്കമോ ഇല്ലാതെ പിതാവായ ദൈവത്തിനു സമർപ്പിക്കാൻ പരിശുദ്ധ ത്രിയേകദൈവം നൽകിയ വില, സ്വന്തം ഔന്നത്യത്തെയും സഹോദരങ്ങളുടെ വിലയെയും തിരിച്ചറിയാൻ സഭാതനയർക്ക് പ്രേരണയാകുന്നു.

ഈശോയുടെ തിരുഹൃദയത്തിൽ മറഞ്ഞിരുന്ന സഭ അവിടുത്തെ സഹനത്തിലൂടെ ജന്മം കൊണ്ട് ലോകത്തിന് വെളിവായി എന്നും ദൈവകൃപയുടെ (തൈബൂസ) അടയാളമാണ് സഭയെന്നും നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി സഭാപിതാവായ മാർ അപ്രേം വ്യാഖ്യാനിക്കുന്നു. ഈശോയുടെ തിരുവിലാവിൽ പടയാളി കുന്തംകൊണ്ട് കുത്തി. അവിടെനിന്ന് രക്തവും വെള്ളവും ഒഴുകി. അവന്റെ രക്തം അവിടുത്തെ സഭയാണ് (മാർ അപ്രേം, സുവിശേഷ ഭാഷ്യം).

ഈശോയുടെ കുരിശിൽ നിന്നാണ് സഭ ജന്മം കൊണ്ടതെന്ന സത്യത്തെ അതിമനോഹരമായാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്:

"ആണികൾ കൊണ്ട് അവർ നിന്നെ തറച്ചു
എന്നാൽ നീ അവയെ അവരുടെ വേദനകൾക്കുള്ള മരുന്നാക്കി.

അവർ നിന്നെ കുന്തം കൊണ്ട് കുത്തി
എന്നാൽ നീ അവരുടെ പാപം മായിച്ചുകളയുന്ന വെള്ളം ഒഴുക്കി.
അവരെ ഭയചകിതരാക്കാനും നിന്റെ രക്തത്തിൽ
അവരുടെ കൈകൾ കഴുകാനും രക്തവും വെള്ളവും ഒഴുക്കി.
തന്റെ കൊലയാടുകൾ ശുദ്ധീകരിക്കപ്പെട്ടു വിശ്രമിക്കുന്നതിന്
കൊല്ലപ്പെട്ടവൻ തന്റെ രക്തത്തിൽ നിന്ന് അവർക്ക് വെള്ളം കൊടുത്തു.
നിന്റെ മരണത്തിന്റെ ഫലം ജീവന്റെ തികവാണ്"
(മാർ അപ്രേം, കന്യാത്വഗീതങ്ങൾ 30,10).

ഈശോയുടെ പെസഹാരഹസ്യത്തിലൂടെ ജീവദായകമായ കൃപയാണ് ദൈവത്തിൽനിന്നു നാം സ്വീകരിച്ചത്. ഈ കൃപയാണ് ദൈവവുമായുള്ള ഐക്യത്തിന്റ ഉറവിടം. ഈ ജീവദായകമായ കൃപ മനുഷ്യനിൽ പൂർണ്ണമാകുന്നത് അവൻ ദൈവികീകരിക്കപ്പെട്ടവനായി മാറുമ്പോഴാണ്.

ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചതിലൂടെയും പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ ഈശോതതമ്പുരാൻ മനുഷ്യരൂപം എടുത്തതിലൂടെയും അവിടുത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുവാൻ മനുഷ്യനെ യോഗ്യനാക്കിയതിലൂടെയും മനുഷ്യശരീരം എത്രത്തോളം വിശുദ്ധമാണെന്നും ആത്മാവും ശരീരവും മഹത്ത്വമണിഞ്ഞ് അന്ത്യത്തിൽ ദൈവത്തെ മുഖാഭിമുഖം ദർശിക്കാൻ ഉതകുംവിധം ജീവിതത്തെ ക്രമപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും നാം മനസ്സിലാക്കണം. ഇത് മനോഹരമായി പറഞ്ഞുവയ്ക്കുകയാണ് മാർ അപ്രേം:

"അവിടുത്തെ ശരീരം നമ്മുടെ ശരീരവുമായി പുതുതായി കലർത്തപ്പെട്ടു.
അവിടുത്തെ ശുദ്ധരക്തം നമ്മുടെ സിരകളിലേക്കും
അവിടുത്തെ സ്വരം നമ്മുടെ കാതുകളിലേക്കും
അവിടുത്തെ പ്രകാശം നമ്മുടെ കണ്ണുകളിലേക്കും പകർന്നു.
തന്റെ കാരുണ്യത്താൽ അവിടുന്ന് പൂർണമായും നാമുമായി കലർത്തപ്പെട്ടു.
അവിടുന്ന് തന്റെ സഭയെ വളരെ സ്നേഹിക്കുന്നതിനാൽ
അവളുടെ എതിരാളിയുടെ മന്ന അവൾക്കു നൽകിയില്ല.
അവൾക്ക് ഭക്ഷിക്കാൻ കൊടുക്കാൻ അവനു സജീവ അപ്പം ഉണ്ടായിരുന്നു".
(മാർ അപ്രേം, കന്യാത്വഗീതങ്ങൾ 37,2).

ദൈവം നൽകിയ ദാനങ്ങളോടു വിശ്വസ്തത പുലർത്തിയും അവിടുന്നു നൽകിയ മഹത്ത്വത്തിനനുസൃതം ജീവിതത്തെ സുന്ദരമാക്കിയും ഈ ലോകജീവിതം അർത്ഥപൂർണ്ണമാക്കുമ്പോൾ സഭയുടെ ശോഭ വർദ്ധമാനമാകും. നമ്മുടെ വിശുദ്ധിയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്ത നാഥൻ നമ്മിൽ ആനന്ദിക്കുന്നതിനിടയാകും. അവിടുന്നു നമ്മുടെ ആത്മശരീരങ്ങൾക്കു വിലയിട്ടത് തന്റെ പുത്രന്റെ ജീവന്റെ വിലയാണെങ്കിൽ ജീവിതവിശുദ്ധി കൈവരിക്കാൻ നാം ഇടേണ്ടത് നമ്മുടെ ജീവന്റെ വില തന്നെ... ദൈവം നൽകിയ പ്രകാശത്തിന്റെ വസ്ത്രം ധരിക്കാൻ തക്കവിധം അന്ത്യദിനത്തിൽ നാം യോഗ്യരാകണമെങ്കിൽ, പ്രകാശത്തിന്റെ പാതയിലൂടെ ചരിച്ച്, മഹത്ത്വമണിഞ്ഞ ദൈവമക്കളുടെ ആനന്ദത്തിന്റെ മുന്നാസ്വാദനം ഈ ഭൂമിയിൽ അനുഭവിക്കാൻ പരിശ്രമിക്കേണ്ടതുണ്ട്.

ഭാഗ്യവതിയായ സഭയുടെ തനയർ ഭാഗ്യമിയന്നവരാകുവാൻ ഭാഗ്യപ്പെട്ട ഈ ജീവിതത്തെ സ്നേഹിക്കാം! വിശ്വാസത്തെ വിലമതിക്കാം! വിശുദ്ധി നേടാൻ വ്യയം ചെയ്യാം.



# വിശുദ്ധിയുടെ മൺകുടങ്ങൾ

**ദേവീ മേനോൻ (റോസ് മരിയ)**

"**അ**വസാനകാലത്തു വെളിപ്പെടുത്താനായി തയ്യാറാക്കിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ദൈവശക്തിയാൽ വിശ്വാസംവഴി നിങ്ങൾ കാത്തുസൂക്ഷിക്കപ്പെടുന്നു" (1 പത്രോസ് 1,5).

ആരാധനവത്സരത്തിലെ അവസാന കാലമായ പള്ളിക്കൂദാശാകാലത്തിന്റെ ആചരണത്തിലേക്ക് നാം പ്രവേശിക്കുകയാണ്. യുഗാന്ത്യത്തിൽ തിരുസഭയാകുന്ന മണവാട്ടി, തന്റെ മണവാളനും രക്ഷകനുമായ ഈശോമിശിഹായ്ക്കു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് സ്വർലോകമഹത്ത്വത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സ്മരണ ആചരിക്കുന്ന വേളയാണ് പള്ളിക്കൂദാശാകാലം.

സൃഷ്ടിയിൽ തുടങ്ങി രക്ഷയിൽ അവസാനിക്കുന്നതാണല്ലോ രക്ഷാകരദൗത്യം. അതുതന്നെയാണ് നമ്മുടെ ആരാധനാവത്സര ആചരണത്തിന്റെ ക്രമവും. പള്ളിക്കൂദാശാകാലത്ത് നാം ഏറ്റവും കൂടുതൽ അനുസ്മരിക്കേണ്ടതും ധ്യാനിക്കേണ്ടതും തിരുസഭയിലൂടെ നമുക്കു ലഭ്യമാകുന്ന നിത്യരക്ഷയാണ്.

തിരുസഭയാകുന്ന തോട്ടത്തിലെ ജീവന്റെ വൃക്ഷത്തിലെ ഫലമാണ് പരിശുദ്ധ കുർബാന എന്നാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്. അന്ന് ഏദേൻതോട്ടത്തിൽ വച്ചാണല്ലോ ദൈവകല്പന ലംഘിക്കപ്പെട്ടത്. ഇന്ന് തിരുസഭയാകുന്ന തോട്ടത്തിൽ അനുസരിക്കപ്പെടുന്ന ദൈവകല്പനയുടെ ഫലമാണ് ജീവന്റെ വൃക്ഷത്തിലെ ഫലമായ പരിശുദ്ധ കുർബാന. 'എന്റെ

ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ' എന്ന കല്പനയുടെ അനുസരണമാണല്ലോ പരിശുദ്ധ കുർബാന. ജീവന്റെ വൃക്ഷത്തിലെ ഫലമായ പരിശുദ്ധ കുർബാനയിലൂടെ നമുക്ക് സിദ്ധിക്കുന്ന ദൈവികവരമാണ് നിത്യജീവൻ.

പുത്രൻ തമ്പുരാനായ ഈശോമിശിഹാ നമ്മുടെ രക്ഷയ്ക്കുവേണ്ടി പിതാവിനു സമർപ്പിച്ച ആത്മബലി (ആത്മാർപ്പണം) വഴിയാണല്ലോ നമുക്ക് നിത്യജീവൻ അഥവാ നിത്യരക്ഷ ലഭിക്കുന്നത്. ഈശോമിശിഹായിലൂടെ പൂർത്തീകരിക്കപ്പെട്ട ഈ ബലിയുടെ ആചരണമാണ് പരിശുദ്ധ കുർബാന. ഈ ഓർമ്മയാചരണത്തിന്റെ സവിശേഷത ഇത് വെറും ഒരു ഓർമ്മ ആചരിക്കൽ മാത്രമല്ല, മറിച്ച് മിശിഹാസംഭവത്തിന്റെ ഓർമ്മയാചരണമാണ് എന്നതാണ്. ഈശോയുടെ ജനന - ജീവിത - സഹന - മരണ - ഉത്ഥാനത്തിന്റെ സ്ഥല - കാലാതീതമായ ഓർമ്മയാചരണവും അനുഭവവുമാണ് പരിശുദ്ധ കുർബാന. യുഗാന്ത്യം വരെ നീളുന്ന യാഗമാണ് പരിശുദ്ധ കുർബാന. തിരുസഭ അർപ്പിക്കുന്ന ഓരോ പരിശുദ്ധ കുർബാനയിലും നമ്മുടെ രക്ഷകനായ ഈശോമിശിഹാ എഴുന്നള്ളി വരുന്നു. സ്ഥലമോ കാലമോ ആ വരവിന് തടസ്സമല്ല. അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും നമ്മൾ അർപ്പിക്കുന്ന പരിശുദ്ധ കുർബാനയിൽ നിത്യസത്യമായ മിശിഹാ കടന്നുവരുന്നു.

നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും വലിയ ആഘോഷമാണ് പരിശുദ്ധ കുർബാന. എന്താണ് നമ്മുടെ വിശ്വാസത്തിന്റെ കാതൽ? തന്നിൽ വിശ്വസിക്കുന്ന ഒരുവൻ പോലും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ച നമ്മുടെ പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹത്തിലൂന്നിയതാണ് നമ്മുടെ വിശ്വാസം (യോഹന്നാൻ 3,16).

പരിശുദ്ധ കുർബാനയുടെ ഫലം എന്തെന്ന് കുർബാനയായ ഈശോയെ സ്വീകരിക്കുന്നതിന് തൊട്ടു മുമ്പുള്ള പുരോഹിതന്റെ ആശീർവാദപ്രാർത്ഥന വ്യക്തമാക്കുന്നുണ്ട് - "മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ". മരണത്തെ ജയിച്ച് അമർത്യതയെ പുൽകിയ പുത്രൻ തമ്പുരാൻ കുർബാനയായി നമ്മെ പുൽകി, നമ്മിൽ ജീവിച്ച്, രക്ഷാകര ദൗത്യത്തിന്റെ പൂർണ്ണതയായ നിത്യരക്ഷ നമുക്കേകുന്നു. അച്ചാരമായി ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് പകർന്നു നൽകിയ ദൈവാത്മാവിന്റെ ഇടപെടൽവഴി അക്ഷയമായ ജീവൻ പരിശുദ്ധ കുർബാനയിലൂടെ നമുക്കു കൈവരുന്നു.

എന്നാൽ, മിശിഹാ എന്ന അമൂല്യനിധിയുടെ, ദൈവപുത്രന്റെ, ദൈവത്തിന്റെ വാസസ്ഥലമാകാൻ യോഗ്യമായ വിശുദ്ധിയുടെ മൺകലങ്ങളാണോ നമ്മൾ...? ഇത് അനുദിനം ചിന്തിക്കേണ്ടതുണ്ട്. "ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1 പത്രോസ് 1,16). എന്താണ് ദൈവാത്മാവ് ആഗ്രഹിക്കുന്നത് എന്ന് ഈ തിരുലിഖിതം വെളിപ്പെടുത്തുന്നു. പരിശുദ്ധ കുർബാനയുടെ ഫലങ്ങൾ നമ്മിൽ വെളിവാകാൻ സ്ഫടികതുല്യമായ, ശിശുതുല്യമായ വിശുദ്ധി നമുക്ക് അനിവാര്യമാണ്.

ഈ പള്ളിക്കൂദാശാകാലത്ത്, യുഗാന്ത്യത്തിൽ തിരുസഭയാകുന്ന അമ്മ തന്റെ വിശുദ്ധിയുടെ പരിമളത്താൽ മണവാളനായ മിശിഹായെ സ്വർഗത്തിൽ സ്തുതിച്ചു മഹത്വപ്പെടുത്തുന്നതു വ്യക്തിപരമായി അനുഭവിക്കുന്നതിന് പുത്രരായ, ദൈവജനമായ, നമ്മുടെ പങ്കും നമുക്കുള്ള ഉത്തരവാദിത്ത്വവും ഓർക്കാം. അനുതപിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിന്റെ വാസസ്ഥലമായി തീരാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം, ഒരുങ്ങാം. നമ്മൾ തന്നെയാണ് തിരുസഭ എന്നു തിരിച്ചറിഞ്ഞ് ശിരസ്സിനു ചേർന്ന ഉടലാകാം.



അങ്ങേയ്ക്ക് സ്തുതി - 6

# സൃഷ്ടിയുടെ സുവിശേഷം

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

'ലൗദാത്തോ സീ' യുടെ ഒന്നാമത്തെ അധ്യായത്തിൽ ഫ്രാൻസിസ് മാർപാപ്പ അവതരിപ്പിച്ചത് നമ്മുടെ പൊതുഭവനമായ പ്രകൃതി നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളാണ്. പ്രസ്തുത പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ വിശുദ്ധഗ്രന്ഥത്തിന്റെ വെളിച്ചത്തിലും സഭാദർശനങ്ങളുടെ അടിസ്ഥാനത്തിലും വിവിധ വഴികൾ തുറന്നുകാട്ടുകയാണ് രണ്ടാമത്തെ അധ്യായത്തിൽ. സൃഷ്ടിയോടുള്ള മനുഷ്യവർഗത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും സകല സൃഷ്ടികളുമായി പുലർത്തേണ്ട ബന്ധത്തെക്കുറിച്ചും, പൊതുനന്മ ലക്ഷ്യം വച്ച് നീങ്ങേണ്ടതിനെക്കുറിച്ചുമുള്ള ദർശനങ്ങൾ അവതരിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു കാഴ്ചപ്പാടാണ് ഫ്രാൻസിസ് പാപ്പ ഈ അധ്യായത്തിൽ നൽകുന്നത്.

**1. വിശ്വാസം നൽകുന്ന വെളിച്ചം**

പ്രകൃതിയിൽ നമ്മൾ വരുത്തി വച്ചിട്ടുള്ള അപകടങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിന് ശാസ്ത്രത്തിന്റെ സാധ്യമായ എല്ലാ മേഖലകളുടെയും മതപരമായ ജ്ഞാനത്തിന്റെയും ഇടപെടലുകളും സഹകരണവും ഒഴിച്ചുകൂടാൻ ആവാത്തതാണ്. തത്വചിന്തയുമായുള്ള സംഭാഷണത്തിന് കത്തോലിക്കാസഭ എന്നും തുറവുള്ളതാണ്. സാമൂഹിക വിഷയങ്ങളോട് പൊതുനന്മ ലക്ഷ്യംവച്ച് സഭ എന്നും തുറവിയോടെ ഇടപെടാറുണ്ട്. പാരിസ്ഥിതിക പ്രതിസന്ധിയിൽ വിമോചനപാതകൾ കണ്ടെത്തുവാനും പ്രകൃതിയോടും ദുർബല വിഭാഗത്തോടും കരുതലോടെ പെരുമാറാനും ക്രൈസ്തവ വിശ്വാസ ബോധ്യങ്ങൾക്ക് സാധിക്കും. സ്രഷ്ടാവിനോടും സൃഷ്ടിയോടും തങ്ങൾക്ക് ഉത്തരവാദിത്വവും കടമയും ഉണ്ട് എന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ സാരാംശപരമായ ഭാഗമാണ്. നമുക്ക് ഒരു പാരിസ്ഥിതിക പ്രതിബദ്ധതയുണ്ട്.

**2. ബൈബിൾ വിവരണങ്ങളിലെ ജ്ഞാനം**

മനുഷ്യരും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബൈബിൾ വളരെ ആഴത്തിലും അർത്ഥവത്തായും പ്രതിപാദിക്കുന്നുണ്ട്. മനുഷ്യരാശിയുടെ സൃഷ്ടിതന്നെ ദൈവത്തിന്റെ പദ്ധതിയാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചു (ഉല്പ 1,26). ഓരോ വ്യക്തിയുടെയും മഹത്ത്വം ഇതു കാണിക്കുന്നുണ്ട്. മനുഷ്യവ്യക്തി കേവലം വസ്തുവല്ല പ്രത്യുത സ്വയം അറിയുവാനും ഉൾക്കൊള്ളുവാനും സ്വതന്ത്രമായി ദാനം ചെയ്യുവാനും ഇതരവ്യക്തികളുമായി സംസർഗത്തിൽ ഏർപ്പെടാൻ കഴിവുള്ള 'വ്യക്തി' ആണ്. മനുഷ്യൻ ദൈവത്തിന്റെ ചിന്തയുടെ ഫലമാണ്.

മൗലികവും ഗാഢമായി പരസ്പരബന്ധിതവുമായ മൂന്നു ബന്ധങ്ങളിലാണ് മനുഷ്യജീവിതം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ദൈവവുമായും നമ്മുടെ അയൽക്കാരനുമായും ഭൂമിയുമായും... എന്നാൽ ഈ ബന്ധങ്ങളിൽ വിള്ളലുകൾ വീണിട്ടുണ്ട്. ഭൂമിയുടെമേൽ കർതൃത്വം വഹിക്കുവാനുള്ള (ഉല്പ 1,28) അനുമതിയെ മനുഷ്യൻ വികലമാക്കി. മനുഷ്യരും പ്രകൃതിയും തമ്മിൽ സ്വരചേർച്ച ഇല്ലാതായി. ഭൂമി മനുഷ്യന് നൽകപ്പെട്ടിരിക്കുന്നതാണ്.

ഭൂമിക്കുമേൽ കൈകാര്യകർതൃത്വം നൽകപ്പെട്ടിട്ടുള്ള മനുഷ്യർ നിരുത്തരവാദപരമായി, നശീകരണാത്മകമായി, കടിഞ്ഞാണില്ലാതെ അവയെ ചൂഷണം ചെയ്യാൻ പാടില്ല. കൃഷി ചെയ്യാനും പരിപാലിക്കുവാനുമാണ് മനുഷ്യന് ദൗത്യം നൽകിയിരിക്കുന്നത്. കൃഷി ചെയ്യുക എന്നത് കരുതൽ എടുക്കുക, സംരക്ഷിക്കുക, മേൽനോട്ടം വഹിക്കുക, നിലനിർത്തുക എന്നിവ അർത്ഥമാക്കുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര ഉത്തരവാദിത്വത്തിന്റെ ഒരു ബന്ധം ഇത് ആവശ്യപ്പെടുന്നു. വിവേക ബുദ്ധികൊണ്ട് അനുഗ്രഹിക്കപ്പെട്ട മനുഷ്യൻ പ്രകൃതിനിയമങ്ങൾ പാലിക്കണം. കരുതലില്ലാതെ ക്രൂരമായി യാതൊന്നിനോടും ഇടപെടാൻ പാടില്ല. ഭൂമിയിലെ വസ്തുക്കൾ ഉത്തരവാദിത്വത്തോടെ ഉപയോഗിക്കണം. മറ്റു ജീവികൾക്ക് അവയിൽത്തന്നെ മൂല്യമുണ്ടെന്ന് മനസ്സിലാക്കണം. നമുക്ക് ഇഷ്ടമുള്ളതുപോലെ മറ്റു സൃഷ്ടികളോട് ഇടപെടരുത്. മറ്റുള്ളവരോടുള്ള കരുതലും പരിചരണവും എന്റെ ഉത്തരവാദിത്വമാണ്. അവരോട് ഞാൻ യഥാർത്ഥബന്ധം വളർത്തിയെടുക്കണം. ഇത് എന്റെ കടമയാണ്. ഇതിനോടു കാട്ടുന്ന അവഗണന എന്റെതന്നെ സ്വത്വവുമായും മറ്റുള്ളവരുമായും ദൈവവുമായും ഭൂമിയോടുതന്നെയുമുള്ള എന്റെ ബന്ധത്തെ തകർക്കും.

സ്രഷ്ടാവിന്റെ കരുതൽ പ്രകൃതിയിൽ ആലേഖനം ചെയ്യപ്പെട്ട സ്വരൈക്യങ്ങൾ വീണ്ടെടുക്കേണ്ടതുണ്ട്. പ്രകൃതിയുമായുള്ള നമ്മുടെ ബന്ധത്തിൽ സന്തുലനവും നീതിയുക്തവും ഉറപ്പാക്കണം. പ്രകൃതിവിഭവങ്ങൾ മനുഷ്യർക്കിടയിൽത്തന്നെ, അനാഥരും പരദേശികളുമായവർക്ക് പങ്കുവയ്ക്കാൻ കടപ്പെട്ടിരിക്കുന്നു. മനുഷ്യനു നൽകിയിരിക്കുന്ന പ്രകൃതിവിഭവങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുവാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ പല സങ്കീർത്തനങ്ങളും നമ്മെ ഓർമിപ്പിക്കുന്നത് പ്രാർത്ഥനാപൂർവ്വം സ്രഷ്ടാവിനെ സ്തുതിക്കണം എന്നാണ്. സ്രഷ്ടാവിനെ അംഗീകരിക്കാത്ത, അവിടുത്തെ സർവ്വശക്തിയെ മാനിക്കാത്ത, സ്വന്തം ഇഷ്ടാനിഷ്ടങ്ങളിൽ മുന്നോട്ടുപോകുന്ന ഒരു ആധ്യാത്മികത ഒരിക്കലും സ്ഥായിയായി നിൽക്കില്ല. ദൈവത്തിന്റെ സൃഷ്ടിയെ ചവിട്ടി അരയ്ക്കുന്നതിനുള്ള അപരിമിതമായ ഒരു അവകാശം ഉന്നയിക്കുന്നിടത്ത് മനുഷ്യൻ ചെന്നെത്തുക ഭൗമികശക്തികളെ ആരാധിക്കുന്നതിലാകും. ഭൂമിയുടെമേൽ നിരുപാധിക അധീശത്വത്തിനുള്ള അവകാശവാദം അവസാനിപ്പിച്ചുകൊണ്ട് മനുഷ്യരെ അവരുടെ ശരിയായ സ്ഥാനത്തേക്ക് വീണ്ടെടുക്കുന്നതിനുള്ള ഏറ്റവും നല്ല വഴി, സൃഷ്ടിക്കുകയും ലോകത്തിൻെറ ഏക ഉടമയായിരിക്കുകയും ചെയ്യുന്ന ഒരു പിതാവിന്റെ രൂപത്തെക്കുറിച്ച് വീണ്ടും സംസാരിക്കുക എന്നതാണ്.

**നി**ഷ്കളങ്കമായ ആ മുഖം എന്റെ മനസ്സിൽനിന്നു മായുന്നില്ല... തെരുവിൽ ബലൂൺ വിൽപ്പനക്കാരനായിട്ടാണ് ഞാൻ അവനെ ആദ്യമായി കണ്ടത്. ആളുകൾ അവനിൽനിന്ന് ബലൂൺ വാങ്ങിയാലും ഇല്ലെങ്കിലും അവൻ അവർക്കെല്ലാം ഒരു പുഞ്ചിരി സമ്മാനിക്കും. അവന്റെ അരികിൽകൂടി തിരക്കുപിടിച്ചു കടന്നുപോകുന്ന ഓരോ വ്യക്തികളോടും, ഞാനാണ് ഈ ലോകത്തിൽ ഏറ്റവും അധികം സമാധാനം അനുഭവിക്കുന്നത് എന്ന് അവന്റെ മുഖം വിളിച്ചു പറയുന്നതുപോലെ എനിക്ക് തോന്നി.

ഒരു ദിവസം ഞാൻ അവനോടു ചോദിച്ചു: എന്തുകൊണ്ടാണ് നിന്റെ മുഖം ഇത്രയേറെ പ്രകാശിതമായിരിക്കുന്നത്? എത്ര വലിയ സന്തോഷത്തോടെയാണ് നീ എന്നും ഓടി നടക്കുന്നത്?

അപ്പോൾ അവൻ എന്നോട് ചോദിച്ചു: ഞാൻ എന്തിനു വിഷമിച്ചു നടക്കണം... ഞാൻ എപ്പോഴും സന്തോഷവാനാണ്.

ഞാൻ വീണ്ടും ചോദിച്ചു: നീ ഭക്ഷണം കഴിക്കുന്നത്... ചോദ്യം മുഴുമിപ്പിക്കുന്നതിനു മുമ്പേ അവൻ വളരെ ശാന്തനായി പറഞ്ഞു: കിട്ടുമ്പോൾ കഴിക്കും... ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു... അവിടുന്ന് വേണ്ട സമയത്തു വേണ്ടതൊക്കെ തരുന്നു.

വീണ്ടും അവൻ തന്റെ ജോലി തുടർന്നു.... അവന്റെ അടുക്കൽ നിന്ന് നടന്നകലുമ്പോഴും അവൻ പറഞ്ഞ വാക്കുകളും അവന്റെ മുഖവും എന്റെ മനസ്സിൽ വീണ്ടും തെളിഞ്ഞു വന്നു.



**ജിനു നിരപ്പേൽ**

# ഹൃദയം കാണുന്നവൻ




പലരെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. അനേകർ സുഹൃത്തുക്കൾ ഉണ്ട്. എല്ലാവരും വിശ്വാസികളാണ്; എന്നാൽ ദൈവത്തിൽ എത്തിച്ചേരുക എന്ന ലക്ഷ്യത്തിലൂടെ ജീവിക്കുന്നവരോ....

ഇല്ല എന്ന് പറയാൻ പറ്റില്ല.... ജീവിതത്തിന്റെ സമയം മുഴുവൻ ദൈവം ആഗ്രഹിക്കുന്നവർക്കായി മാറ്റി വയ്ക്കുക. അല്ലെങ്കിൽ ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും അത് ദൈവഹിതമായിട്ടു കാണുക. അങ്ങനെയും ഉണ്ട് ജീവിതങ്ങൾ.... ലിൻസി എന്ന ഒരു ടീച്ചറിന്റെ ജീവിതത്തെപ്പറ്റി കേൾക്കാനിടയായി.... തന്റെ സ്കൂളിലെ കുട്ടികളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി കൊടുക്കുന്ന ടീച്ചർ.... വീടായും വസ്ത്രമായുമൊക്കെ അവരുടെ ആവശ്യങ്ങളിൽ അവർക്കൊപ്പം ടീച്ചർ എപ്പോഴും ഉണ്ട്.

ആവശ്യങ്ങളിൽ, ഞാൻ കൂടെയുണ്ട് എന്നുപറയാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നെങ്കിൽ പല ജീവിതങ്ങളും തകർന്നു പോകില്ലായിരുന്നു.... നിന്റെ മുന്നിലൂടെ കടന്നു പോകുന്നവരെ കാണുന്ന ഒരു മനസ് നിനക്കുണ്ടോ? എങ്കിൽ അവർക്കായി ഒരു പുഞ്ചിരി എങ്കിലും നൽകൂ.... ആരും അത് കണ്ടിട്ടുണ്ടാകില്ല.

നിന്റെ മനസ് കാണാൻ ദൈവം ഉണ്ടാകും... എല്ലാം ദൈവം തന്നതല്ലേ.... ദൈവം അറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ലന്നേ... ദൈവിക സന്നിധിയിൽ എത്തിച്ചേരാൻവേണ്ട എല്ലാ വഴികളും നിന്റെ മുന്നിൽ തന്നെയുണ്ട്. പുഞ്ചിരിക്കാൻ സ്വാതന്ത്ര്യവും ഉണ്ട്. അതിനാൽ ജീവിതത്തിൽ ചിരിക്കാൻ മറന്നവർ ആകാതിരിക്കാം... നിന്റെ ഒരു ചിരിയിലൂടെ, നല്ല മനസിലൂടെ, പ്രവൃത്തിയിലൂടെ മറ്റുള്ളവർക്കുമുന്നിൽ സന്തോഷം വിതയ്ക്കാം... പ്രതിഫലവും പ്രോത്സാഹനവും എല്ലാം ദൈവത്തിൽ നിന്നുമാത്രം.....

ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്താ ഇപ്രകാരം പറയുന്നു: **"നമ്മുടെ അറിവോ വിദ്യാഭ്യാസമോ അല്ല ദൈവം കണക്കിലെടുക്കുന്നത്. അവിടുന്നു കാണുന്നത് നമ്മുടെ ഹൃദയം ആണ്".** കാലങ്ങളൊക്കെ കടന്നുപോകും. അന്ന് ചിരിക്കാൻ ആഗ്രഹിക്കും.... നേട്ടങ്ങളൊക്കെ നഷ്ടമെന്ന് തോന്നും. മനസ് ആഗ്രഹിക്കുന്നിടത്ത് ശരീരം എത്തിയെന്നു വരില്ല. അന്ന് നമ്മെ പിടിച്ചു നിർത്തുന്നത് ഇങ്ങനെയുള്ള ഒരുപിടി ഓർമകളായിരിക്കാം...

ഈശോയുടെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ് നാം. ആയിരിക്കുന്ന സാഹചര്യങ്ങളിൽ അവിടുത്തെ കണ്ടെത്താനും നമ്മുടെ ചുറ്റുപാടുകളെ അവിടുത്തോടൊപ്പം ആസ്വദിക്കാനും നമുക്ക് സാധിക്കട്ടെ. സീറോ മലബാർ സഭയിൽ നാം ഇപ്പോൾ പള്ളിക്കൂദാശ കാലത്തിലൂടെ ആണല്ലോ കടന്നുപോകുന്നത്. ത്രിത്വമഹത്ത്വത്തിലുള്ള സ്വർഗീയജീവിതത്തെയാണ് നാം ഇവിടെ അനുസ്മരിക്കുന്നത്. ഈ ലോകനേട്ടങ്ങൾ ക്ഷണികവും നിസ്സാരവുമാണെന്നുള്ള തിരിച്ചറിവാണ് നമ്മെ ഇതിലേക്കു നയിക്കുന്നത്. സ്വർഗം തരുന്ന സമ്മാനത്തിനു വേണ്ടിയാണല്ലോ നാം അധ്വാനിക്കേണ്ടത്. ഈ ലോകത്തിൽ നമുക്ക് എന്തെല്ലാമുണ്ടെങ്കിലും ഇല്ലെങ്കിലും നമ്മുടെ ലക്ഷ്യം നിത്യമഹത്ത്വമായിരിക്കണം. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തത് എന്ന അവന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ഈലോകജീവിതം സുകൃതങ്ങളാൽ സമ്പന്നമാക്കുകയും ചെയ്യാം.




**ഷിജി പറപ്പള്ളിയാത്ത്**

**വി**ഭക്ത ഇസ്രായേലിന്റെ ആദ്യജാതനും സോളമന്റെ ഭൃത്യനുമായിരുന്നു ജറോബോവാം. എഫ്രായിമ്യനായ നെബാത്തിന്റെയും സെരൂവായുടെയും മകനായിരുന്നു അദ്ദേഹം. കഴിവുറ്റ പരിശ്രമശാലിയായ അവനെ സോളമൻരാജാവ് ജോസഫിന്റെ ഭവനത്തിലെ അടിമവേലയുടെ മേൽനോട്ടക്കാരനാക്കി. കർത്താവിന്റെ കല്പനകളും നിയമങ്ങളും അനുസരിക്കാതെയും മറ്റു ദേവന്മാരെ ആരാധിക്കുകയും വിജാതീയസ്ത്രീകളെ വിവാഹം ചെയ്യുകയും അവർക്കായി ആരാധനാകേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തതിനാൽ സോളമൻരാജാവിന്റെ കൈകളിൽനിന്ന് രാജ്യം ജറോബോവാമിന് കൈമാറാൻ ദൈവം തീരുമാനിച്ചു.

രാജ്യഭൃത്യനായിരിക്കെ ഒരു ദിവസം ജറോബോവാം ജറുസലേമിൽനിന്ന് പുറത്തുപോകവേ ഷീലോന്യനായ അഹിയാ പ്രവാചകനെ കണ്ടുമുട്ടി. അഹിയാ താൻ ധരിച്ചിരുന്ന പുതിയ അങ്കിയെടുത്തു പന്ത്രണ്ടു കഷണങ്ങളായി കീറി. അവൻ ജറോബോവാമിനോട് പറഞ്ഞു: “പത്തു കഷണം നീ എടുത്തുകൊള്ളുക. ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ സോളമന്റെ കൈയിൽനിന്നു രാജ്യമെടുത്ത് പത്തു ഗോത്രങ്ങൾ നിനക്കുതരും. എന്റെ ദാസനായ ദാവീദിനെയോർത്തും, ഇസ്രായേലിന്റെ എല്ലാ ഗോത്രങ്ങളിൽനിന്നും ഞാൻ തിരഞ്ഞെടുത്ത ജറുസലേം നഗരത്തെയോർത്തും അവന് ഒരു ഗോത്രം നൽകും. ... എങ്കിലും എന്റെ നാമം നിലനിർത്താൻ ഞാൻ തിരഞ്ഞെടുത്ത ജറുസലേംനഗരത്തിൽ എന്റെ മുമ്പിൽ ദാസനായ ദാവീദിനു സദാ ഒരു ദീപം ഉണ്ടായിരിക്കാൻ അവന്റെ പുത്രനു ഞാൻ ഒരു ഗോത്രം നല്കും” (1 രാജാ 11,31-32.36).

ദൈവത്തോടുള്ള വിശ്വാസത്തിനും വിശ്വസ്തതയ്ക്കും പ്രതീകമായ ഒരു ദീപം ഹൃദയത്തിൽ സൂക്ഷിക്കാൻ കടപ്പെട്ടവരാണ് നാമും. അവിടുന്ന് ജറോബോവാമിവോട് പറയുന്നു: “എന്റെ കല്പനകൾ സ്വീകരിച്ച് എന്റെ മാർഗത്തിൽ ചരിക്കുകയും എന്റെ ദാസനായ ദാവീദിനെപ്പോലെ

എന്റെ പ്രമാണങ്ങളും കല്പനകളും പാലിക്കുകയും ചെയ്തുകൊണ്ട് എന്റെ ദൃഷ്ടിയിൽ നീതി പ്രവർത്തിച്ചാൽ ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും. ദാവീദിനെപ്പോലെ നിനക്കും സ്ഥിരമായ ഒരു ഭവനം ഞാൻ പണിയും. ഇസ്രായേലിനെ നിനക്ക് നല്കുകയും ചെയ്യും" (1 രാജാ 11,38).

അഹിയാപ്രവാചകന്റെ വാക്കുകൾ നാടെങ്ങും പ്രചരിച്ചപ്പോൾ സോളമൻ ജറോബോവാമിനെ  കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ സോളമനെ ഭയന്ന് അവൻ ഈജിപ്തിലെ ഷീക്കാക്കിന്റെ അടുത്തേയ്ക്ക് പലായനം ചെയ്തു. സോളമന്റെ മരണംവരെ അവൻ അവിടെ താമസമാക്കി. താമസിയാതെ സോളമന്റെ മരണശേഷം മകൻ റഹോബോവാം ഭരണമേറ്റെങ്കിലും തന്റെ പാർശ്വവർത്തികളുടെ ചിന്തകൾക്കുവഴങ്ങി ഇസ്രായേൽജനത്തിന്റെ ജോലിയുടെ കാഠിന്യവും നുകത്തിന്റെ ഭാരവും വർദ്ധിപ്പിച്ചു. തന്മൂലം വേദനിച്ച ഇസ്രായേൽ ജനത്തിൽനിന്ന്, യൂദാഗോത്രം ഒഴികെയുള്ള എല്ലാ ഗോത്രവും തിരിച്ചെത്തി ജറോബോവാമിന്റെ പക്ഷംചേർന്ന് അവനെ രാജാവാക്കി. അങ്ങനെ അഹിയാ പ്രവാചകന്റെ വാക്കുകൾ നിറവേറി. പത്തു ഗോത്രങ്ങൾ തിരിഞ്ഞ് വടക്കൻ രാജ്യമായി ഇസ്രായേൽ എന്ന രാഷ്ട്രം രൂപംകൊണ്ടു.

എഫ്രായിം മലനാട്ടിൽ ഷെക്കെം  ബലിഷ്ടമാക്കി ജറോബോവാം വാസമുറപ്പിച്ചു. എന്നാൽ ഇസ്രായേൽക്കാരുടെ ആരാധനാകേന്ദ്രമായ ജറുസലേം നഷ്ടമായത് അവരെ അസന്തുഷ്ടരാക്കി. ജറുസലേമിലേക്ക് ഇസ്രായേൽജനം പോയാൽ റഹോബോവാമിനോടു ചേരുകയും തന്നെ വധിക്കുകയും ചെയ്യുമെന്നു ഭയന്ന അദ്ദേഹം ഒരു ഉപായം കണ്ടെത്തി. സ്വർണ്ണം കൊണ്ട് രണ്ട് കാളക്കുട്ടികളെ നിർമ്മിച്ചിട്ട് അവൻ ജനത്തോടുപറഞ്ഞു: "നിങ്ങൾ ജറുസലേമിലേക്കു പോകേണ്ടാ, ഇസ്രായേൽഭവനമേ, ഇതാ, ഈജിപ്തിൽനിന്ന് നിങ്ങളെ മോചിപ്പിച്ച ദേവന്മാർ" (1 രാജാ 12,28). ബഥേലിലും ദാനിലുമായി അവയെ അവൻ പ്രതിഷ്ഠിച്ചു. യൂദായിൽ ആഘോഷിച്ചിരുന്ന തിരുനാളിനു തുല്യമായി ഉത്സവം ഏർപ്പെടുത്തി. ബലിപീഠത്തിൽ ബലിയർപ്പിച്ചു.

അന്യദൈവത്തിലേക്കുള്ളള്ള യാത്രയായിരുന്നു സോളമന്റെ പാപം. അതുപോലെ ജറോബോവാമും അന്യദേവന്മാരെ ആരാധിച്ചു പാപം ചെയ്തു. കൂടാതെ രണ്ടു ആരാധനാലയം പാടില്ല എന്ന മോശയുടെ നിയമവും അവൻ ലംഘിച്ചു. ബലിയർപ്പിക്കാൻ അവൻ ആഗ്രഹിച്ചവരെയെല്ലാം പുരോഹിതരാക്കി. ബഥേലിൽ ജറോബോവാം ബലിയർപ്പിച്ച സമയത്ത് ദൈവകല്പനപ്രകാരം ഒരു ദൈവപുരുഷൻ, ദാവീദിന്റെ ഭവനത്തിൽ ജനിക്കുന്ന ജോസിയാ, ബലിപീഠത്തിൽ ധൂപാർപ്പണം നടത്തുന്ന പുരോഹിതരെ നിന്റെമേൽ ബലിയർപ്പിക്കുകയും മനുഷ്യാസ്ഥികൾ നിന്റെമേൽ ഹോമിക്കുകയും ചെയ്യുമെന്ന് വിളിച്ചുപറഞ്ഞു. മാത്രമല്ല കർത്താവാണ് സംസാരിച്ചത് എന്നതിന്റെ അടയാളമായി ബലിപീഠം പിളർന്ന് അതിന്മേലുള്ള ചാരം ഊർന്നു വീഴുമെന്നും പറഞ്ഞു.

ഇതുകേട്ടയുടനെ ജറോബോവാം തന്റെ കൈനീട്ടിക്കൊണ്ട് അവനെ പിടിക്കാൻ കല്പിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ കരം മരവിച്ച് മടക്കാൻ കഴിയാതെയായി. ദൈവപുരുഷന്റെ വാക്കുകൾപോലെ ബലിപീഠം പിളർന്ന് ചാരം ഉർന്നുവീണു. ജറോബോവാം ദൈവപുരുഷനോട് തന്റെ കൈ പഴയതുപോലെയാക്കാൻ ദൈവത്തോടു പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയും അത് പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്തു.

അടിക്കടി ജറോബോവാം അധർമ്മം പ്രവർത്തിച്ചു പാപംചെയ്തു. ഇസ്രായേൽജനത്തെക്കൊണ്ടും പാപം ചെയ്യിപ്പിച്ചു. അന്യദേവന്മാരെയും വാർപ്പുവിഗ്രഹങ്ങളെയും ഉണ്ടാക്കി ദൈവത്തെ പുറത്താക്കിയ ജറോബോവാമിനെ ദൈവം പുറത്താക്കുന്നു. നല്ലൊരു നേതാവാ

കാൻ യോഗ്യതയുണ്ടായിട്ടും രാഷ്ട്രീയ അത്യാഗ്രഹത്താൽ ദൈവത്തെയും വിശ്വസത്തെയും അവൻ മാറ്റിനിർത്തി. ദൈവത്തെ ആശ്രയിക്കുന്നത് ബലഹീനതയായി അവൻ കണ്ടു. ദൈവ പ്രീതിക്ക് വിലകല്പിക്കാത്തവന് ദൈവവും യാതൊരു വിലയും നല്കാതെ കൈവിട്ടു.

ജറോബോവാമിന്റെ മകൻ രോഗബാധിതനായപ്പോൾ വേഷംമാറി അഹിയ പ്രവാചകന്റെ അടുത്തുചെന്ന് മകന് എന്തു സംഭവിക്കുമെന്ന് ആരായാൻ അവൻ ഭാര്യയെ പറഞ്ഞുവിട്ടു. അഹിയായാകട്ടെ അവളെ തിരിച്ചറിയുകയും മകൻ അബിയായുടെ മരണം അറിയിക്കുകയും ജറോബോവാമിനുള്ള ശിക്ഷാവിധി കർത്താവിലൂടെ ലഭിച്ചത് പ്രവചിക്കുകയും ചെയ്തു. അന്യ ദേവന്മാരുടെ പിറകെ പോയതിനാലും ദൈവത്തെ പുറംതള്ളിയതിനാലും ജറോബോവാമിന്റെ കുടുംബത്തിന് നാശം വന്നുഭവിച്ചു. “പാപം സ്വയം ചെയ്യുകയും ഇസ്രായേലിനെ കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്ത ജറോബോവാം നിമിത്തം കർത്താവ് ഇസ്രായേലിനെ കൈവെടിഞ്ഞു”. അവന്റെ കുടുംബത്തെ ചപ്പുചവറുകൾ എരിയിച്ചുകളയുന്നതുപോലെ പൂർണമായി നശിപ്പിച്ചു.

യൂദാരാജാക്കന്മാരായ റഹോബോവാമിനോടും അബിയാമിനോടും ജറോബോവാം നിരന്തരം യുദ്ധം നടത്തിയിരുന്നു. ഒരിക്കൽ അവന്റെ വീരയോദ്ധാക്കളായ അഞ്ചുലക്ഷംപേർ മരിച്ചുവീഴുകയും അവൻ തടവുകാരനായി പിടിക്കപ്പെടുകയും ചെയ്തു. ദൈവത്തെ ആശ്ര യിച്ച് നിലവിളിച്ചപേക്ഷിച്ചുകൊണ്ടാണ് അബിയാ ജറോബോവാമിനെ നേരിട്ടത്. ബി.സി. 931 മുതൽ ഇരുപത്തിരണ്ട് വർഷം ഭരണം നടത്തിയശേഷം ജറോബോവാം മരണമടഞ്ഞു.

ഇസ്രായേലിന്റെ ദൈവമായ കർത്താവ് ജറോബോവാമിൽ നന്മ കണ്ടതിനാലാണ് ഇസ്രാ യേലിന്റെ രാജാവായി അവനെ ഉയർത്തിയത്. എന്നാൽ രാജസ്ഥാനം ലഭിച്ചവൻ ജനത്തെ വഴി തെറ്റിക്കുകയും വിശ്വാസവും ദൈവചിന്തയും വെടിയുകയും ചെയ്തു. ഏകദൈവത്തെ ആരാ ധിക്കണമെന്ന കല്പന അവൻ ലംഘിച്ചു. മാത്രമല്ല, അന്യദേവ പ്രതിഷ്ഠ നടത്തുകയും ജന ത്തെ അതിലേയ്ക്ക് തിരിയുകയും ചെയ്തു. ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകൾക്കുപകരം ദൈവശിക്ഷയുടെ കരമാണ് അവന്റെയും കുടുംബത്തിന്റെയും ശിരസ്സിലേറ്റത്. ദൈവനിയോഗ ങ്ങൾക്കു വിരുദ്ധമായി ചരിച്ച അവന്റെ കുടുംബം ചിതറിക്കപ്പെട്ടു. അവനെയോർത്ത് ദുഃഖം ആ ചരിച്ചതായി നാം കാണുന്നുമില്ല. ദൈവനിയോഗത്തിനായി സ്വയം സമർപ്പിക്കേണ്ട ജീവിത മാണ് ഓരോരുത്തരുടെതും; അത് ദൈവാനുഗ്രഹത്തിന്റെ സമൃദ്ധി നൽകുകയും നിലനില്ക്കു കയും ചെയ്യും.

**ജറോബോവാമിന്റെ ജീവിതം നല്കുന്ന പാഠങ്ങൾ**

* *പാപം ചെയ്യാതിരിക്കുക; മറ്റുള്ളവരെക്കൊണ്ട് പാപം ചെയ്യാതിരിപ്പിക്കുക.*
* *ദൈവത്തെ ആശ്രയിക്കുന്നതും ആരാധിക്കുന്നതും ബലഹീനതയല്ല.*
* *ദൈവനിർദ്ദേശങ്ങൾക്ക് കാതോർക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.*
* *ദൈവവിശ്വാസവും വിശ്വസ്തതയും നിലനിർത്തുക.*

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ, ആരാധനക്രമത്തിലെ പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. പരി. കുർബാനയിലെ "സകലസൗഭാഗ്യങ്ങളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭ" പള്ളിക്കൂദാശാക്കാലത്തിന്റെ അന്തർധാരയാണെന്നു പറയാം. സഭ മിശിഹായുടെ മണവാട്ടിയാണ്. അവൾ തന്റെ മക്കളോടൊപ്പം സ്വർഗീയമണവറയിൽ പ്രവേശിച്ച് മണവാളനായ മിശിഹായെ മുഖാഭിമുഖം ദർശിക്കുകയും മണവാളനോടൊപ്പം നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്ന സംഭവമാണ് സഭ ഇക്കാലത്ത് അനുസ്മരിക്കുന്നത്. പരി. കുർബാനയിൽ സജീവമായും പൂർണമായും സംബന്ധിച്ച്, ദിവ്യമണവാളനായ മിശിഹായിൽ ഒന്നായി ജീവിക്കുവാൻ അജഗണങ്ങളെ ബോധവൽക്കരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

ഇറ്റലി, മാൾട്ടാ, അമേരിക്ക എന്നീ രാജ്യങ്ങളിലെ സൊദാലെസ് വൈദികരുടെ സമ്മേളനം 2023 ആഗസ്റ്റ് 21 മുതൽ 25 വരെ ഇറ്റലിയിലെ സുബിയാക്കോയിൽ വച്ചു നടന്നു. മാൾട്ടായിൽനിന്നുള്ള ഡോൺ പാവുളോ കർമേലോവില്ല, ആഫ്രിക്കയിലെ ബെനിനിൽനിന്നുള്ള ഡോൺ ഗ്രിഗറി അദുമായി, മെക്സിക്കോയിൽനിന്നുള്ള ഡോൺ എഡ്ഗാർ റൂബെൻ ഗൊൺസാലെസ് പഡില്ല എന്നീ മൂന്നു വൈദികർ സൊദാലെസ് ആസ്പിരൻസിയിലേക്കു പ്രവേശിച്ചു. അമേരിക്കയിൽനിന്നുള്ള ഫാ. മാർക്ക് ബ്രിഡ്ജ്മാൻ നിത്യവ്രതവാഗ്ദാനം ചെയ്തു. 2023 സെപ്തംബർ 26-ാം തീയതി മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു നടത്തിയ മാക്സിമലിസം കുടുംബസമ്മേളനത്തിൽ ഇന്ത്യയിലെ സൊദാലെസ് വൈദികർ സംബന്ധിച്ചു.



# മധുരിക്കുന്ന നൊമ്പരങ്ങൾ

**അശ്വതി പുതുമന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ദൈ**വത്തോടു ചേർത്തുനിർത്തപ്പെട്ട ജീവിതങ്ങൾ അനുഭവിക്കുന്ന ഒരു മധുരതരമായ വേദനയുണ്ട്. ജീവിതത്തിന്റെ വീഥികളിൽ അത് പൊള്ളുന്ന വേദനയാണെങ്കിലും ദൈവത്തിന്റെ പദ്ധതിയിൽ അതു മധുരിക്കുന്ന നൊമ്പരങ്ങളാണ്.

ബൈബിൾ കാണിച്ചുതരുന്ന എല്ലാ ദൈവികമനുഷ്യരും ഈ മധുരിക്കുന്ന നൊമ്പരത്തിന്റെ മനുഷ്യരാണ്. അവരൊന്നും പക്ഷേ, നൊമ്പരച്ചൂടിൽ ഉരുകിത്തീർന്നവരല്ല. ദൈവം നല്കിയ സാന്ത്വനം അനുഭവിച്ചറിഞ്ഞ് വീണ്ടും ജ്വലിച്ചുയർന്നവരാണ്.

മോശ, ദൈവത്തിന്റെ അടുക്കലേക്ക് ദൈവത്താൽ വലിച്ചടുപ്പിക്കപ്പെട്ട സമയം മുതൽ, ജനനംമുതൽ മരണംവരെ, ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏകാന്തതയും ഒറ്റപ്പെടലും അനുഭവിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ അതു നമുക്കു കാണാൻ സാധിക്കും. "അവിടുന്ന് എഴുതിയിട്ടുള്ള പുസ്തകത്തിൽനിന്ന് എന്റെ പേര് മായിച്ചുകളഞ്ഞാലും" (പുറ 32,32) എന്നദ്ദേഹം പ്രാർത്ഥിച്ചിട്ടുണ്ടെങ്കിൽ എത്രമാത്രം തീവ്രമായ വേദന ആ മനുഷ്യൻ അനുഭവിച്ചിട്ടുണ്ടാകും! എന്നാൽ ദൈവികസാന്നിധ്യം, ദൈവത്തിന്റെ പരിപാലനം അവനെ

ഭൂമുഖത്തേക്കുവച്ച് ഏറ്റവും സൗമ്യനായ മനുഷ്യനാക്കിത്തീർത്തു (സംഖ്യ 12,3). ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവത്തിന്റെ പദ്ധതിയാണ് എന്നു തിരിച്ചറിയുന്ന നിമിഷംമുതൽ അവന് ഒന്നും മിണ്ടാനില്ല; സൗമ്യനായി എല്ലാം സ്വീകരിക്കുന്നു.

അതുപോലെ ബൈബിളിലെ മറ്റൊരു വ്യക്തിയായ എസ്തേർ നമുക്കു കാണിച്ചുതരുന്നതും ഈ വലിയ ഉൾക്കാഴ്ചതന്നെയാണ്. എത്ര വലിയ പദവികളിലേക്കു ജീവിതം ഉയർത്തപ്പെട്ടാലും തന്റെ ജനത്തിന്റെ കണ്ണീരിൽ അവൾ ഹൃദയം നുറുങ്ങി വേദനിക്കുന്നു. ദൈവം തന്നെ രാജ്ഞിയാക്കി ഉയർത്തിയത് തനിക്കുവേണ്ടിയല്ല തന്റെ ജനത്തിനുവേണ്ടിയാണ് എന്നു തിരിച്ചറിയുന്ന നിമിഷം അവളും ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: “എന്റെ കർത്താവേ, അങ്ങു മാത്രമാണ് ഞങ്ങളുടെ രാജാവ്, അങ്ങല്ലാതെ മറ്റൊരു തുണയില്ലാത്ത ഏകയായ എന്നെ സഹായിക്കണേ” (എസ്തേ 14,3). ജനത്തിനുവേണ്ടിയുള്ള രാജ്ഞിയുടെ വേദന.... എന്റെ സ്ഥാനമാനങ്ങൾ എനിക്കുവേണ്ടിയല്ല എന്നു തിരിച്ചറിയുന്ന നിമിഷംമുതൽ തന്നെത്തന്നെ എളിമപ്പെടുത്തുന്ന എസ്തേർ....

അതെ, ജീവന്റെ പുസ്തകം മുഴുവനും ഇതുപോലെ ദൈവത്തിന്റെ പദ്ധതി നിർവ്വഹിക്കുന്ന ജീവിതങ്ങളുടെ മധുരതരമായ നൊമ്പരങ്ങൾ ചേർത്തുവച്ചതാണ്. എന്റെ സ്നേഹിതാ, നിന്റെ ജീവിതവും ഇതുപോലെ നീറുന്നുണ്ടെങ്കിൽ, ദൈവസന്നിധിയിൽ നീ നെഞ്ചുപൊട്ടി വിലപിക്കുന്നുണ്ടെങ്കിൽ, മാനുഷികമായി അസാധ്യമാണെന്നു തോന്നുന്നവ നിന്നെ ഭയപ്പെടുത്തുന്നുണ്ടെങ്കിൽ, അത് ദൈവത്തിനു കൊടുക്കാം. അവൻ അത് മധുരകരമായ നൊമ്പരമാക്കി മാറ്റട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192




“**എ**ല്ലാവരോടും സമാധാനത്തിൽ വർത്തിച്ചു വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല” (ഹെബ്രാ 12,14).

ഓരോ മനുഷ്യന്റെയും ചെറുപ്പം മുതലുള്ള ആഗ്രഹമാണ് സ്വർഗത്തിൽ ചെല്ലണം, കർത്താവിനെ മുഖാഭിമുഖം കാണണം കൂടെയിരുന്നുകൊണ്ട് സ്വർഗീയ ആനന്ദം അനുഭവിക്കണം എന്നതൊക്കെ. എന്നാൽ തിരുവചനം നമ്മോടുപറയുന്നു, വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല എന്ന്. വിശുദ്ധിയിൽ വളരുവാൻ, സ്വർഗീയഭവനത്തിൽ എത്തിച്ചേരുവാൻ ധാരാളം വഴിവിളക്കുകൾ ദൈവം നമുക്കു നൽകിയിട്ടുണ്ട്. അവ ഏതെല്ലാമാണെന്ന് നമുക്ക് ഒന്നുനോക്കാം .

**1. ഈശോയോടുകൂടെ ആയിരിക്കുക:** ‘‘നിങ്ങളുടെ സ്വർഗീയ പിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ” (മത്താ 5,48). പിതാവ് പരിശുദ്ധൻ, പുത്രൻ പരിശുദ്ധൻ, പരിശുദ്ധാത്മാവ് പരിശുദ്ധൻ. സ്വാഭാവികമായും പിതാവിന്റെ സ്വഭാവമാണ് മക്കൾക്കും ഉണ്ടാകേണ്ടത്. അപ്പോൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മക്കളായ നമ്മളോരോരുത്തരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്. ഇതിനു നമ്മൾ ചെയ്യേണ്ടത് ഈശോയോടുകൂടെ ആയിരിക്കുക എന്നതാണ്. ഈശോ പറയുന്നു: “ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല” (യോഹ 15,5). ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നുനിന്നാൽ മാത്രമേ അതിലൂടെ ഒഴുകുന്ന ജീവരസം ശാഖകളിലേക്ക് പ്രവേശിക്കുകയുള്ളൂ. ഇങ്ങനെ ലഭിക്കുന്ന ജീവരസമാണ് ശാഖകൾക്കു വളരുവാൻ, ഫലം പുറപ്പെടുവിക്കാൻ ശക്തി നൽകുന്നത്.

നമ്മുടെ അനുദിന ജീവിതത്തിൽ നമ്മൾ എത്രമാത്രം ഈശോയോടു ചേർന്നാണ് ജീവിക്കുന്നത്? ഈശോയുടെ വിചാരവികാരങ്ങളും മനോഭാവങ്ങളും വാക്കും പ്രവൃത്തിയും പ്രാർത്ഥനാരൂപിയും സ്വന്തമാക്കിയുള്ള ഒരു ജീവിതമാണ് നമ്മുടേതെങ്കിൽ തീർച്ചയായും നാം വിശുദ്ധിയുടെ പാതയിലാണ്. ഈശോയുടെ സാന്നിധ്യം മറ്റുള്ളവർക്കു ജീവനും സന്തോഷവും സമാധാനവും നൽകിയതുപോലെ നമ്മുടെ സാന്നിധ്യവും ആയിത്തീരട്ടെ.

**2. ഈശോയുടെ കല്പനകൾ പാലിക്കുക:** ഈശോ പറഞ്ഞു: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും" (യോഹ 5,10). സ്വർഗത്തിലേക്കുള്ള നമ്മുടെ പാത സുഗമമാക്കുവാൻ ദൈവം പത്തു കല്പനകൾ നമുക്കു നൽകിയിട്ടുണ്ട്. ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളും കടമകളും ഈ പ്രമാണങ്ങളിലൂടെ ദൈവം വ്യക്തമാക്കുന്നുണ്ട്. കല്പനകൾ ദൈവസ്നേഹത്തിന്റെ അടയാളമായി മനസ്സിലാക്കി അതനുസരിച്ച് എല്ലാറ്റിനും ഉപരി ദൈവത്തെയും, മനുഷ്യരെല്ലാം പിതാവായ ദൈവത്തിന്റെ മക്കളാണെന്നും പരസ്പര സഹോദരങ്ങളുമാണെന്ന് മനസ്സിലാക്കി അവരെയും സ്നേഹിക്കാം. സ്വയം വിശുദ്ധിയിൽ വളരാൻ പരിശ്രമിക്കുന്നതിനോടൊപ്പം സഹോദരങ്ങളേയും വിശുദ്ധിയിൽ വളർത്താൻ പരിശ്രമിക്കാം. സഹോദരങ്ങളുടെ നന്മ ആഗ്രഹിക്കുകയും അവർക്കു നന്മ ചെയ്യുകയും അവരുടെ വളർച്ചയിൽ സന്തോഷിക്കുകയും വിജയങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളരുവാനുള്ള വഴിവിളക്കുകൾ ആയ ദൈവ കല്പനകളെ അറിഞ്ഞ്, സ്നേഹിച്ച്, അവയിൽ ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

**3. സഭയോടൊത്തുള്ള ജീവിതം:** ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ചു ജീവിക്കുന്നവരുടെ സമൂഹമാണ് തിരുസഭ. എല്ലാ മനുഷ്യരെയും ദൈവികജീവനിൽ പങ്കുകാരാക്കുവാൻ ഈശോ ഇന്ന് സഭയിൽ ജീവിക്കുകയും സഭയിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്നു. പൗലോസ്ശ്ലീഹാ പറയുന്നു: "നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1കൊറി 12,27). സഭാശരീരത്തിന്റെ ശിരസ്സ് മിശിഹായാണ് (എഫേ 1,22.23). ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട് അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏക ശരീരമായിരിക്കുന്നു (1കൊറി 12,12).

ശരീരത്തിലെ അവയവങ്ങൾ പോലെയാണ് മിശിഹായുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ. ശരീരത്തിൽ കണ്ണിനും കാതിനും കൈയ്ക്കും കാലിനും മറ്റ് അവയവങ്ങൾക്കും ധർമ്മങ്ങൾ വ്യത്യസ്തങ്ങൾ ആയിരിക്കുന്നതുപോലെ സഭയിലെ അംഗങ്ങളുടെ ദൗത്യങ്ങളും വ്യത്യസ്തങ്ങളാണ്. ഓരോരുത്തരുടെയും ദൗത്യം ശരിയായ രീതിയിൽ ചെയ്യുവാൻ സാധിക്കുന്നത് ശിരസ്സായ മിശിഹായോടുചേർന്ന് നിൽക്കുമ്പോഴും മറ്റ് അവയവങ്ങളോടു സഹകരിച്ചു പ്രവർത്തിക്കുമ്പോഴുമാണ്. ഇതേക്കുറിച്ച് എത്രമാത്രം അവബോധത്തോടെയാണ് അനുദിന ജീവിതം നാം നയിക്കുന്നത്? നമ്മുടെ ശരീരത്തിലെ ഒരു അവയവത്തിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ തീർച്ചയായും അത് ശരീരത്തെ ബാധിക്കും. അപ്പോൾ ചെയ്യേണ്ടതു പലതും ചെയ്യേണ്ടതുപോലെ ചെയ്യാൻ സാധിക്കാതെ വരുന്നു. ശരീരത്തിലെ മറ്റ് അവയവങ്ങൾ ഇത് തിരിച്ചറിയുകയും ദുർബലമായതിനെ ആകുംവിധം ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യണം. തിരുസഭയുടെ കല്പനകൾ പാലിച്ചുകൊണ്ട് പരസ്പരം കല്പനകൾ പാലിക്കാൻ സഹായിച്ചുകൊണ്ട് സ്വർഗരാജ്യത്തിലേക്കുള്ള നമ്മുടെ പാത സുഖകരമാക്കാം.

**4. കൂദാശകൾ നിത്യജീവൻ പ്രദാനം ചെയ്യുന്ന നീർച്ചാലുകൾ:** ഈശോയോടു ചേർന്നുനിന്ന് നമ്മുടെ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റുവാനും സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ വളരുവാനും ദൈവികജീവൻ നമുക്ക് ആവശ്യമാണ്. ഈ ദൈവികജീവൻ നമുക്ക് നൽകുന്നതിനായി ഈശോ സ്ഥാപിച്ചതാണ് സഭയിലെ കൂദാശകൾ.

കൂദാശ എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'വിശുദ്ധീകരിക്കുന്ന കർമ്മം' എന്നാണ്. അദൃശ്യമായ ദൈവികജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈശോ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ. നമ്മുടെ ജീവിതത്തിലെ ജനനം മുതൽ മരണം വരെയുള്ള ഓരോ ഘട്ടത്തിലും ദൈവികജീവനിൽ വളരുവാനും ദൈവമക്കളും വിശുദ്ധരുമായി ജീവിക്കുവാനും സ്വർഗരാജ്യത്തിലേക്കുള്ള വഴികളിൽ കാലിടറാതെ, പതറാതെ മുന്നോട്ടുപോകുവാനും കൂദാശകൾ നമ്മെ സഹായിക്കുന്നു. പാപം ചെയ്ത്, സ്വർഗത്തിലേക്കുള്ള വഴിവിളക്കുകളെ പരിഗണിക്കാതെ നമ്മുടേതായ വഴികളിലൂടെ ചരിക്കുമ്പോൾ കൂദാശകൾ വീണ്ടും നമ്മെ വിശുദ്ധീകരിച്ച് നേർവഴിക്കു നയിക്കുന്നു. സ്വർഗരാജ്യത്തിലേക്കുള്ള പാത നമുക്ക് തുറന്നുതരികയും ചെയ്യുന്നു.

**5. കാവൽ മാലാഖ:** ജീവിതത്തിന്റെ ആരംഭമുതൽ മരണം വരെ മനുഷ്യജീവിതം കാവൽ മാലാഖമാരുടെ മാദ്ധ്യസ്ഥ്യത്താലും ശ്രദ്ധാപൂർവ്വമായ സംരക്ഷണയാലും ചുറ്റപ്പെട്ടതാണ് (CCC 336). നമ്മെ സംരക്ഷിക്കുകയും നിത്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്ന 'ഇടയന്മാരാ'യിട്ടാണ് കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം കാവൽമാലാഖമാരെ ചിത്രീകരിച്ചിരിക്കുന്നത്. നമ്മെ സ്വർഗത്തിൽ എത്തിക്കുക എന്നതാണ് അവരുടെ പ്രഥമലക്ഷ്യം. നമ്മുടെ കാവൽമാലാഖമാരോട് നിത്യവും പ്രാർത്ഥിക്കാൻ മറക്കരുതേ... ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരൻ കൂടിയാണ് എന്നതും മറക്കാതിരിക്കാം.

**6. വിശുദ്ധർ:** വിശുദ്ധരുടെ ജീവിതം നമ്മുടെ വഴിവിളക്കുകളാണ്. കുറുക്കു വഴികളിലൂടെ സ്വർഗം നേടിയ, 'എന്റെ ദൈവവിളി സ്നേഹമാണ്' എന്നുപറഞ്ഞ വി. കൊച്ചുത്രേസ്യായും, 'പാപത്തേക്കാൾ മരണം' എന്നു പറഞ്ഞ മരിയ ഗോരേത്തിയും സഹനത്തിന്റെ തീയിൽ വെന്തമരുമ്പോഴും സ്നേഹത്തിന്റെ വിപഞ്ചിക മീട്ടിയ അൽഫോൻസാമ്മയുമെല്ലാം ഉൾപ്പെടുന്ന വിശുദ്ധരെല്ലാം നമുക്ക് സ്വർഗയാത്രയിൽ മാതൃകനൽകി തെളിഞ്ഞു നിൽക്കുന്നു.

**7. സഹനം:** സ്വർഗത്തിലേക്കുള്ള സുനിശ്ചിതമായ പാതയാണ് സഹനം. ദൈവദാസനായ വില്യം ജക്വീന്താ പിതാവു പറയുന്നു, 'കുരിശിനെ നോക്കി പുഞ്ചിരിക്കുക. കാരണം അത് സ്വർഗത്തിന്റെ വാതിലാണ്'. നമുക്കും കുരിശുകളെ സ്നേഹിക്കാം.

**8. നല്ല സുഹൃത്തുക്കൾ:** ബന്ധങ്ങൾ വൈദ്യുതി പോലെയാണ്. തെറ്റായ ബന്ധങ്ങൾ ജീവിതത്തിൽ ഷോക്കുകൾ തന്നുകൊണ്ടിരിക്കും. എന്നാൽ ശരിയായ ബന്ധങ്ങൾ ജീവിതത്തിന് നിത്യവും വെളിച്ചം തരും. നമ്മുടെ സാന്നിധ്യം മറ്റുള്ളവർക്ക് പ്രകാശം നൽകുന്നതും വിശുദ്ധിയിലേക്ക് നയിക്കുന്നവയുമാകട്ടെ.

**9. പരിശുദ്ധ മറിയം:** നമ്മുടെ ജീവിതയാത്രയിൽ എന്നും തണലായി താങ്ങായി വഴികാട്ടിയായി കൂടെയുള്ളവളാണ് പരിശുദ്ധ അമ്മ. ''തിന്മയുടെ സാഗരത്തിൽ നീന്തിത്തുടിക്കുന്ന ലോകത്തിന് പ്രത്യാശയുടെ മഴവില്ലാണ് മറിയം'' (പത്താം പീയൂസ് മാർപാപ്പ). അമ്മയുടെ ഹൃദയത്തിൽ നമ്മെ സമർപ്പിക്കാം. അമ്മ നമ്മെ തീരത്തണയ്ക്കും.




**റെനി പുത്തേട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും"* (സങ്കീ 127,3).

**ദൈ**വം ഏൽപ്പിക്കുന്ന, ദൈവത്തോടുചേർന്ന് പൂർത്തിയാക്കേണ്ട ഒരു കലയാണല്ലോ രക്ഷാകർത്തൃത്വം. ഒരു കുട്ടി മാതാപിതാക്കളുടെ ഹൃദയത്തിൽ ജനിക്കുമ്പോൾത്തന്നെ ഈ ദൗത്യം ആരംഭിച്ചുകഴിഞ്ഞു. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിന്റെ വിജയവും പരാജയവും അടങ്ങിയിരിക്കുന്നത് അവന്റെ വളർച്ചയുടെ കാലത്ത് ലഭിക്കുന്ന അനുകൂലമോ പ്രതികൂലമോ ആയ സാഹചര്യത്തിനനുസരിച്ചാണ്. നമ്മുടെ കുട്ടികൾ ഒരു അനുഗ്രഹമായി മാറുന്നതിൽ മാതാപിതാക്കൾക്ക് ഒരു വലിയ പങ്കുണ്ട്. ഒരു കുട്ടിയും മോശമായ സ്വഭാവത്തോടെ ജനിക്കുന്നില്ല. അവനോട് ഇടപെടുന്ന വ്യക്തികൾ, അവൻ വളരുന്ന സാഹചര്യങ്ങൾ, അവനു ലഭിക്കുന്ന ജീവിതാനുഭവങ്ങൾ തുടങ്ങിയവയെല്ലാമാണ് ഒരു കുഞ്ഞിന്റെ സ്വഭാവത്തെ രൂപീകരിക്കുന്നത്.

വി. കൊച്ചുത്രേസ്യ, വി. ജോൺ പോൾ പാപ്പാ എന്നിങ്ങനെയുള്ള മഹത്വ്യക്തികളെ ലോകത്തിനു സമ്മാനിച്ചതും ഒരു ജനതയെ തന്നെ ഇല്ലാതാക്കിത്തീർത്ത ഹിറ്റ്ലർ പോലുള്ളവരെയും സമൂഹത്തിനു നല്കിയതും കുടുംബങ്ങൾ തന്നെ. ഇതിൽനിന്നും ഒരു കുട്ടിയുടെ പരിപാലനം ലോകത്തെ എത്രമാത്രം സ്വാധീനിക്കും എന്ന് വ്യക്തമാണല്ലോ. അതുകൊണ്ടുതന്നെ ദൈവം നൽകിയിരിക്കുന്ന കുട്ടികളെ ദൈവദാനമായി കണ്ട്, നമ്മെ ഏൽപ്പിച്ചിരിക്കുന്ന താലന്തുകളായി സ്വീകരിച്ച്, അവരെക്കുറിച്ചുള്ള ദൈവികപദ്ധതിക്കനുസരിച്ച് അവരെ വളർത്തുവാൻ സാധിക്കുമ്പോഴാണ് യഥാർത്ഥത്തിൽ മാതൃത്വവും പിതൃത്വവും സാർത്ഥകമാകുന്നത്. ഇതിന് സഹായകരമായ ഏതാനും ചിന്തകളാണ് ചുവടെ ചേർക്കുന്നത്.

**കുട്ടികളെ അവരായിരിക്കുന്നതുപോലെ അംഗീകരിക്കുക**

നിറത്തിന്റെയോ സൗന്ദര്യത്തിന്റെയോ ബുദ്ധിയുടെയോ വലിപ്പച്ചെറുപ്പത്തിന്റെയോ സ്വഭാവരീതികളുടെയോ പേരിൽ ഒരു കുട്ടിയും വിവേചനം അനുഭവിക്കുവാൻ ഇടവരരുത്.

താരതമ്യം ഉപേക്ഷിച്ചുകൊണ്ട് ആയിരിക്കുന്ന അവസ്ഥയിൽ അവരെ അംഗീകരിക്കുക. തോമസ് ആൽവ എഡിസന്റെ അമ്മയുടെ സമീപനം ഇതിനൊരു മാതൃകയാണ്.

**വ്യവസ്ഥ വയ്ക്കാതെ സ്നേഹിക്കുക**

നീ നന്നായി പഠിച്ചാൽ, നീ നന്നായി ചെയ്താൽ മാത്രം നീ ഞങ്ങളുടെ പ്രിയപ്പെട്ടവൻ ആയിരിക്കും എന്ന ചിന്ത കുട്ടികളിൽ ഉളവാക്കുന്നത് അപകടകരമാണ്. മക്കൾ കുറവുള്ളവരാണെങ്കിലും ക്ഷമയോടെ സഹിഷ്ണുതയോടെ പഴിചാരാതെ അവരെ ചേർത്തുനിർത്തി തങ്ങളുടെ സ്നേഹം മുഴുവൻ അവരോടുകൂടി ഉണ്ടെന്നുള്ള ഉറപ്പ് നൽകാൻ മാതാപിതാക്കൾക്കാകണം.

**കുട്ടികൾക്കൊപ്പമായിരിക്കാൻ സമയം കണ്ടെത്തുക**

ഒരു ദിവസത്തിൽ കുറഞ്ഞത് അരമണിക്കൂറെങ്കിലും കുട്ടികൾക്ക് ഫലപ്രദമായ രീതിയിൽ, അതായത് ഫോൺ ഉൾപ്പെടെയുള്ള എല്ലാ തിരക്കുകളും മാറ്റിവെച്ച് അവരുടെ സന്തോഷത്തിൽ പങ്കുചേർന്ന് അവരെ ശ്രദ്ധിക്കുവാനും ഒപ്പം ആയിരിക്കുവാനും ചേർത്ത് നിർത്തുവാനും സമയം കണ്ടെത്തുമ്പോൾ നിങ്ങൾക്ക് അവർ വേണ്ടപ്പെട്ടവരാണ് എന്ന വലിയ സന്ദേശം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ ആലേഖനം ചെയ്യുന്നു. ഇത് കുഞ്ഞുങ്ങളുടെയുള്ളിൽ അവനവനെക്കുറിച്ചുള്ള മതിപ്പു വളരാനും പിന്നീട് സമൂഹത്തിൽ വളരെ പോസിറ്റീവായി, സൗഹാർദ്ദപരമായി ഇടപെടാനും പ്രചോദനമാവും.

**മാധ്യമങ്ങളുടെ ഉപയോഗത്തിലെ സ്വകാര്യത ഒഴിവാക്കുക**

സ്വകാര്യത കൂടുമ്പോൾ രഹസ്യങ്ങൾ കൂടുന്നു. രഹസ്യങ്ങൾ കൂടുമ്പോൾ തെറ്റുകൾ കൂടുന്നു. അതുകൊണ്ട് ആധുനിക മാധ്യമങ്ങളുടെ ഉപയോഗത്തിൽ സുതാര്യത ഉറപ്പുവരുത്തുക ഇവയുടെ ഉപയോഗത്തിൽ അവർ രഹസ്യാത്മകത പുലർത്തുന്നുവെങ്കിൽ മാതാപിതാക്കൾ ജാഗ്രതയോടെ വർത്തിക്കുക. നവമാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് അത്യാവശ്യ അറിവ് മാതാപിതാക്കൾ നേടിയില്ലെങ്കിൽ അവരുടെ അജ്ഞത കുട്ടികൾ മുതലെടുക്കാം.

**സ്വപ്നങ്ങൾ തുറന്നുപറയാൻ അവസരം നൽകുക**

കുട്ടികൾക്ക് അവരുടെ ചിന്തകളും ആശയങ്ങളും സ്വപ്നങ്ങളും തുറന്നു പറയുവാൻ അവസരം നൽകണം. ഇതു ക്ഷമയോടെയും സ്നേഹത്തോടെയും വിവേകത്തോടെയും കേൾക്കുവാനും, പ്രോത്സാഹിപ്പിക്കേണ്ടത് പ്രോത്സാഹിപ്പിക്കാനും തിരുത്തേണ്ടവ തിരുത്തുവാനും മാതാപിതാക്കൾക്കു സാധിക്കുമ്പോൾ കുട്ടികളെ അവരുടെ കഴിവിനും മികവിനും അനുസരിച്ച് വളർത്താനും സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ തക്കവിധം വലിയവരാക്കുവാനും സാധിക്കും.

**കുട്ടികളുടെ കഴിവിനെയും താല്പര്യത്തെയും മാനിക്കുക**

ഓരോ വ്യക്തിയും വ്യത്യസ്തനാണ്. വ്യത്യസ്തമായ കഴിവുകളോടും അഭിരുചികളോടും പ്രത്യേകതകളോടുംകൂടിയാണ് ദൈവം നമ്മെ ഓരോരുത്തരെയും സൃഷ്ടിച്ചിരിക്കുന്നത്. ഒരു കുട്ടിയുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് അവനെ വളരുവാൻ അനുവദിച്ചാൽ അവൻ സമൂഹത്തിന് വലിയ ഒരു മുതൽക്കൂട്ടാവും. പഠനത്തിൽ പിമ്പിലും കായികമേഖലയിൽ ഏറെ മുമ്പിലും ആയിരുന്ന സച്ചിൻ തെണ്ടുൽക്കർ തന്റെ ജീവിതം വിജയകരമാക്കിയത് അവനെ അവനായി അംഗീകരിച്ചു വളരുവാനായി അവന്റെ മാതാപിതാക്കൾ അനുവദിച്ചതുകൊണ്ടാണ്.

**മാതാപിതാക്കൾ കുട്ടികൾക്ക് മാതൃകയാകുക**

മാതൃത്വവും പിതൃത്വവും ശ്രേഷ്ഠമായ പദവിയാണ്. അതിലുപരി വലിയൊരു ഉത്തരവാദിത്വവുംകൂടിയാണ്. സ്നേഹിക്കുന്നതിൽ മാതാപിതാക്കൾ മാതൃകയാകുമ്പോൾ യഥാർത്ഥ സ്നേഹം എന്തെന്നും സ്നേഹിക്കേണ്ടതെങ്ങനെയെന്നും കുട്ടികൾ മനസ്സിലാക്കുന്നു. മുതിർന്നവരോടുള്ള ബഹുമാനം, ആദരവ്, കുടുംബബന്ധങ്ങളുടെ മഹത്ത്വം, പരസ്പര വിശ്വാസം, സ്വാശ്രയശീലം, ധാർമികമൂല്യങ്ങൾ, സാമൂഹിക പ്രതിബദ്ധത, അടിയുറച്ച ദൈവവിശ്വാസം, സഭാധിഷ്ഠിത ജീവിതം എന്നീ കാര്യങ്ങളിലെല്ലാം മാതാപിതാക്കൾ മക്കൾക്കു മാതൃകയായാൽ മാത്രമേ അവരെ ഉത്തമ വ്യക്തിത്വത്തിനുടമകളായി വളർത്താനാവൂ.

**ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബമായിരിക്കുക**

തങ്ങളുടെ മക്കൾ എവിടെയും എല്ലാറ്റിലും ഒന്നാമൻ ആയിരിക്കണം എന്ന ചിന്തയാണ് ഇന്ന് പല മാതാപിതാക്കളെയും ഭരിക്കുന്നത്. മക്കളെ എങ്ങനെ ദൈവവിശ്വാസത്തിൽ അടിയുറച്ച വരും സന്മാർഗബോധമുള്ളവരുമാക്കി വളർത്തണമെന്ന് പല മാതാപിതാക്കളും ചിന്തിക്കുന്നുപോലുമില്ല. ഈ അവസ്ഥ ഭാവിയിൽ കുട്ടികളുടെ ജീവിതത്തെ പരാജയത്തിലെത്തിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നേരെമറിച്ച് ദൈവത്തിന് ഹൃദയത്തിൽ ഒന്നാം സ്ഥാനം കൊടുത്ത് മക്കളെ വളർത്താനായാൽ മുമ്പോട്ടുള്ള ജീവിതയാത്രയിൽ നേരിടുന്ന വ്യത്യസ്തമായ ജീവിതാനുഭവങ്ങൾക്കു മുൻപിൽ തളരാതെ, ദൈവത്തിൽ ആശ്രയിച്ച് പിടിച്ചു നിൽക്കുവാനും പക്വതയുള്ള ഉത്തമ വ്യക്തികളായി ജീവിതത്തിൽ വിജയം കൈവരിക്കുവാനും അവർക്ക് സാധിക്കും.





# സ്വർഗം സൃഷ്ടിക്കുന്നവർ

ഷിനി തെരേസ് മുതുപ്ലാക്കൽ

“**അവ**ൾ മരിക്കേണ്ടായിരുന്നു.... ജീവനോടുകൂടി അവൾ ഉണ്ടായിരുന്നെങ്കിൽ... അവളെന്റെ സഹോദരിയാ....”. മരണത്തിന്റെ കാലൊച്ചയുമായി തീവ്രവാദികൾ ചുറ്റും നടക്കുമ്പോഴും ആ കുഞ്ഞുങ്ങൾ വിങ്ങിപ്പൊട്ടി പറഞ്ഞു.

ഒക്ടോബർ 7 ന് കൊലവിളിയും ആയുധങ്ങളുമായി ഹമാസ് തീവ്രവാദികൾ അതിക്രമിച്ചു കയറി തകർത്തു തരിപ്പണമാക്കിയ ഇസ്രായേലിലെ അനേകം കുടുംബങ്ങളിലൊരു വീട്ടിലെ കാഴ്ചകളാണിവ. ബന്ധികളാക്കപ്പെട്ട അപ്പനും അമ്മയും രണ്ടു മക്കളുമാണ് ദൃശ്യങ്ങളിൽ. ഇവരുടെ കൺമുമ്പിൽ മൂത്ത പെൺകുട്ടി തീവ്രവാദികളാൽ കൊല്ലപ്പെട്ടു എന്നാണ് സംസാരത്തിൽനിന്നും വ്യക്തമാകുന്നത്. അവരുടെ സമീപത്തുകൂടി നടക്കുന്ന തോക്കുധാരിയായ തീവ്രവാദിയെയും കാണാം. നിസഹായരായി, എന്തു ചെയ്യണമെന്നറിയാതെ അവശേഷിച്ച രണ്ടു മക്കളോടൊത്ത് ചോരനിറഞ്ഞ കൈകളുമായി നിലത്തിരിക്കുന്ന അപ്പനും അമ്മയും.... വെടിയൊച്ചകൾ കേട്ടു ഞെട്ടിത്തരിക്കുന്ന ആ കുഞ്ഞുങ്ങളെ തറയിലേക്ക് കിടത്തി, അവരുടെമേൽ കിടന്ന്, അവർക്ക് കവചമാകുന്ന അപ്പന്റെയും അമ്മയുടെയും കരളലിയിക്കുന്ന കാഴ്ച.... തീവ്രവാദികളുടെ സാമീപ്യത്തിൽനിന്നുളവാകുന്ന ഭീതിയും എന്നാൽ അതിനേക്കാളുപരി സഹോദരി ഭീകരന്മാരാൽ കൊല്ലപ്പെട്ടതിന്റെ ഹൃദയവേദനയും ആ കുഞ്ഞുങ്ങളുടെ സംസാരത്തിലും പെരുമാറ്റത്തിലുമുണ്ട്.

“അവളിനി തിരിച്ചുവരാൻ സാധ്യതകളൊന്നുമില്ലേ?” എന്ന ഇളയകുട്ടിയുടെ ചോദ്യത്തിന് തീവ്രവാദികൾ കൊടുക്കുന്ന ഉത്തരം ആ അമ്മ ഇങ്ങനെ ആവർത്തിക്കുന്നുണ്ട്: “അവൾ സ്വർഗത്തിലാണ്”.

ഈ മറുപടിയാണ് നമ്മുടെ ചിന്താവിഷയം. മനുഷ്യത്വത്തിനു നിരക്കാത്ത, മൃഗങ്ങൾപോലും ചെയ്യില്ലാത്ത, ഏറ്റം ഹീനകരമായ അക്രമങ്ങളും കൊലപാതകങ്ങളും നടത്തുന്ന ഇക്കൂട്ടർ ചെയ്യുന്നതെല്ലാം ദൈവത്തിന്റെ നാമത്തിൽ!! ലക്ഷ്യം സ്വർഗം!!! ക്രൂരതകൾ ചെയ്യുന്നവർക്കും അതിനിരയാകുന്നവർക്കും സ്വർഗം കിട്ടുമത്രേ!!! പരിഷ്കൃതലോകം എല്ലാത്തരത്തിലും മുന്നേറുമ്പോൾ അപരിഷ്കൃതലോകത്തിലേക്കു തിരിഞ്ഞുനടക്കുന്ന ഒരു ഗണം നരാധമന്മാർ.... ആധികാരികമായ പ്രബോധനവും യുക്തിയുടെ പിൻബലവുമില്ലാത്ത വിശ്വാസം അന്ധവിശ്വാസത്തിലേക്കു പതിച്ചതിന്റെ നേർസാക്ഷ്യമാണ് ഈ മതതീവ്രവാദം. തലച്ചോർ അന്ധകാരശക്തികൾക്കു പണയംവച്ചു ജീവിച്ചാൽ സത്യത്തിന്റെ കിരണം എങ്ങനെ പ്രവേശിക്കും?

വിദ്യാഭ്യാസസമ്പന്നർ എന്നഭിമാനംകൊള്ളുന്ന, എല്ലാ മതങ്ങളെയും സഹിഷ്ണുതയോടെ ഉൾക്കൊണ്ടിരുന്ന, നമ്മുടെ ഈ കൊച്ചുകേരളത്തിൽപ്പോലും ഒളിഞ്ഞും തെളിഞ്ഞും വളർന്നുവരുന്ന മതതീവ്രവാദത്തിന്റെ വേരുകൾ എവിടെയെല്ലാം പടർന്നിട്ടുണ്ടാവണം? എന്തുമാത്രം ആഴത്തിലെത്തിയിട്ടുണ്ടാവണം? ഉയരുന്ന ചില ശബ്ദങ്ങളും ശ്രദ്ധിക്കപ്പെടേണ്ട ചില നിശബ്ദതകളും, 'ദൈവത്തിന്റെ ഈ നാട്ടിൽ' 'ദൈവത്തിനുവേണ്ടി' ചോരപ്പുഴയൊഴുക്കാൻ വെമ്പൽകൊള്ളുന്നവരുണ്ടെന്നുള്ളതിന്റെ സൂചനകളല്ലേ? അന്ധകാരശക്തികളെ തിരിച്ചറിയുവാനുള്ള വിവേചനാശക്തിയ്ക്കൊപ്പം ഒരു നല്ല നാളേയ്ക്കായി പ്രയത്നിക്കാനും പ്രാർത്ഥിക്കാനും നമുക്കാവണം.

അതുപോലെ, ഏതു കാരണങ്ങൾകൊണ്ടായാലും യുദ്ധങ്ങളും കലാപങ്ങളും ഒഴിവാക്കേണ്ടതുതന്നെയാണ്. ഇവിടെയൊക്കെ ഇരയാക്കപ്പെടുന്നവർ നിഷ്കളങ്കരായ ഒരു പറ്റം ജനതയാണ്. മാരകമായ മുറിവുകളേറ്റും അസ്ഥികൾ ഒടിഞ്ഞുതൂങ്ങിയും, അവർണനീയമായ വേദനയോടെയും ഭയത്തോടെയും നിസഹായതയോടെയും വിലപിക്കുന്ന, പിഞ്ചുകുഞ്ഞുങ്ങൾപോലും ഉൾപ്പെടുന്ന, ജനങ്ങളുടെ കാഴ്ചകൾ എങ്ങനെ കണ്ടുനില്ക്കാനാവും...!

ശരിയാണ്; സ്വർഗം ലക്ഷ്യംവച്ച് ജീവിക്കേണ്ടവരും മറ്റുള്ളവരെ ആ ലക്ഷ്യത്തിലേക്ക് നയിക്കേണ്ടവരുമാണ് നാം. എന്നാൽ, നമ്മുടെയോരോരുത്തരുടെയും ഹൃദയമാണ് ആദ്യം സ്വർഗമാകേണ്ടത്. നാം ജീവിക്കുന്ന ദൈവത്തിന്റെ പരിശുദ്ധമായ ആലയമാണെന്നും (2 കോറി 6,16; 1 കോറി 3,17) ദൈവാത്മാവ് നമ്മിൽ വസിക്കുന്നുവെന്നും (1 കോറി 3,16) പൗലോസ്ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ദൈവം വസിക്കുന്ന ആലയമായിത്തീരണമെങ്കിൽ നാം എന്താണു ചെയ്യേണ്ടതെന്ന് ഈശോ പറഞ്ഞുവയ്ക്കുന്നുണ്ട്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). അതായത്, ഈശോയുടെ വചനം പാലിക്കുന്നവനിലാണ് പരിശുദ്ധ ത്രിത്വം വസിക്കുന്നത്.

ദൈവത്തെ സ്നേഹിക്കുന്നവൻ പാലിക്കേണ്ട ഈശോയുടെ വചനം, അവിടുത്തെ സ്നേഹത്തിന്റെ കല്പനയാണ്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35). സ്നേഹത്തിന്റെ പ്രവൃത്തികളിലൂടെയാണ് നാം അറിയുന്ന, ആരാധിക്കുന്ന ദൈവത്തെ മറ്റുള്ളവർക്കു പകർന്നുകൊടുക്കേണ്ടത്. നല്ലതായ ജീവിതസാക്ഷ്യത്തിലൂടെയാണ് മറ്റുള്ളവരെ സത്യദൈവത്തിലേക്കു വഴി നടത്തേണ്ടത്. ദൈവത്തോടൊത്തായിരിക്കുന്ന, സ്നേഹത്തിന്റെ ചലനങ്ങൾ ഉൾക്കൊള്ളുന്ന അവസ്ഥയാണ് സ്വർഗമെങ്കിൽ ആ സ്വർഗാനുഭവം ഈ ഭൂമിയിൽത്തന്നെ തുടങ്ങേണ്ടതുണ്ട്. ഭൂമിയിലെ സ്വർഗത്തിന്റെ തുടർച്ചയും പൂർത്തീകരണവുമായിരിക്കണം സത്യസ്വർഗത്തിലെ നിത്യജീവിതം എന്ന ബോധ്യം നമ്മെ നയിക്കട്ടെ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: എല്ലാ തലമുറകളാലും 'ഭാഗ്യവതി' എന്നു വിളിക്കപ്പെടുന്ന പരിശുദ്ധ ദൈവമാതാവേ, ദൈവവചനം പ്രാവർത്തികമാക്കുന്നതിൽമാത്രം ശ്രദ്ധിച്ച് ഭാഗ്യപ്പെട്ട ജീവിതത്തിനുടമകളായിത്തീരാൻ ഞങ്ങൾക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: ഞങ്ങളുടെ വംശത്തിന്റെ മഹത്ത്വമായ പരിശുദ്ധ ദൈവമാതാവേ, ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുന്നവരാകുവാൻ ഞങ്ങൾക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: മനുഷ്യവംശത്തിനു രക്ഷകനെ പ്രദാനം ചെയ്ത പരിശുദ്ധ ദൈവമാതാവേ, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്നവരാകുവാൻ ഞങ്ങൾക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: മനുഷ്യവംശത്തിനു വഴികാട്ടുന്ന താരകമായി തിരുസഭയിൽ ശോഭിക്കുന്ന പരിശുദ്ധ ദൈവമാതാവേ, വഴിതെറ്റുന്നവരെ ദൈവസന്നിധിയിലേയ്ക്ക് ആനയിക്കുന്നവിധം മാതൃകാജീവിതം നയിക്കുന്നവരാകുവാൻ ഞങ്ങൾക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ഇസ്രായേലിനു വെൺമേഘത്തിൽ ദൈവസാന്നിദ്ധ്യം എന്നപോലെ തിരുസഭയിൽ പ്രശോഭിക്കുന്ന പരിശുദ്ധ ദൈവമാതാവേ, ചുറ്റുമുള്ളവർക്ക് ദൈവസാന്നിധ്യമായിത്തീരത്തക്കവിധം ദൈവത്തെ ഹൃദയത്തിൽ വഹിക്കുന്നവരാകുവാൻ ഞങ്ങൾക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


"ശാശ്വത ശാന്തിക്കുറവിടമാം
കർത്താവേ, നീ തിരുസഭയിൽ
നിത്യം ശാന്തി പുലർത്തണമേ
ദൃഢവിശ്വാസം നിലനില്ക്കാൻ
ഞങ്ങളെ സത്യവെളിച്ചത്തിൽ
നിതരാം കാത്തു നയിക്കണമേ".
(പള്ളിക്കൂദാശാക്കാലം,
നാലാം ഞായർ-റംശാ)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവായ ദൈവമേ,
മിശിഹായുടെ മണവാട്ടിയായ
തിരുസഭയെ സംരക്ഷിക്കണമേ.
അവളിൽ ശാന്തിയും സമാധാനവും നിറയ്ക്കണമേ.
അവളുടെ സന്താനങ്ങളെ നേർവഴി കാട്ടണമേ.
അവളിൽനിന്നു സദാസമയവും
അങ്ങേക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉയരട്ടെ."

പള്ളിക്കൂദാശാക്കാലം
രണ്ടാം ഞായർ-റംശാ

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal